

# CHURCH VOICE

## C. S. I. MATEER MEMORIAL CHURCH

Vol. 12 No. 7 Newsletter July 2014



"This poor man called, and the Lord heard him
He saved him out of all his troubles " (Psalms34:6)

# Church News

*Congratulations*



ഇക്കഴിഞ്ഞ മാർച്ച് മാസം നടന്ന ഐ.സി.എസ്.ഇ പരീക്ഷയിൽ 96 ശതമാനം മാർക്ക് നേടി വിജയിച്ച ആനി ലിസ് മാനുവേൽ. പിതാവ്: ഡോ. ബോബി എസ്. മാനുവേൽ, മാതാവ്: ഡോ. ഷീജാ ബോബി.

### വിദ്യാഭ്യാസ സഹായം

പുതിയ സ്കൂൾ വർഷത്തോട് അനുബന്ധിച്ച് നിർധനരായ 1,275 കുട്ടികൾക്ക് നോട്ടുബുക്കുകളും പഠനോപകരണങ്ങളും വിതരണം ചെയ്തു. 54,740 രൂപ ഇതിനായി വിനിയോഗിച്ചു.

### സി.ഇ.വൈ.എഫ് വാർഷിക ലേലം

നമ്മുടെ സഭയിലെ സി.ഇ.വൈ.എഫിന്റെ വാർഷിക ലേലം മെയ് മാസം 25-ാം തീയതി നടക്കുകയുണ്ടായി. 26,000 രൂപ ഇതിലൂടെ സമാഹരിച്ചു.

### യുവജനവാരം - 2014

ജൂലൈ 27 മുതൽ ഓഗസ്റ്റ് 3 വരെ യുവജനവാരമായി ആചരിക്കുന്നു. ഇതോടനുബന്ധിച്ച് ഓഗസ്റ്റ് 1 മുതൽ 3 വരെ യുവജന കൺവെൻഷനും ഉണ്ടായിരിക്കുന്നതാണ്. ബ്രദർ. അനു ജേക്കബ് മുഖ്യപ്രസംഗകനായിരിക്കും.

### പുതിയ കപ്യാർ



നമ്മുടെ സഭയിലെ കപ്യാരായിരുന്ന ശ്രീ. ശിവാനന്ദൻ വിരമിച്ച ഒഴിവിൽ നിയമിതനായ ശ്രീ. റ്റി. രാജീവും കുടുംബവും.
ഭാര്യ: സുശീല ജി.
മക്കൾ: അലീന, ഏയ്ഞ്ചലിന.

## ആവശ്യമുണ്ട്

നമ്മുടെ സഭയിൽ ഒഴിവുവന്ന **പ്യൂൺ-കം-ഗാർഡനർ** തസ്തികയിലേക്ക് യോഗ്യരായ സി.എസ്.ഐ സഭാംഗങ്ങളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

വിദ്യാഭ്യാസ യോഗ്യത : പ്ലസ് ടു/പ്രീഡിഗ്രി പാസ്സായിരിക്കണം.
പ്രായപരിധി : 45 വയസ്സിന് താഴെ
(ടൂ വീലർ ലൈസൻസ് ഉണ്ടായിരിക്കണം)

കുടുംബമായി സഭയിലെ ക്വാർട്ടേഴ്സിൽ താമസിച്ച് സേവനമനുഷ്ഠിക്കുവാൻ താൽപ്പര്യമുള്ളവർ അപേക്ഷിക്കുക.

യോഗ്യരായ നമ്മുടെ സഭാംഗങ്ങളുടെ അഭാവത്തിൽ മറ്റു സഭാംഗങ്ങളെയും പരിഗണിക്കുന്നതാണ്.

അപേക്ഷ സമർപ്പിക്കേണ്ട അവസാനതീയതി **ജൂലൈ 15.**

**ചർച്ച് കമ്മറ്റി**

# CHURCH VOICE

12th year of publication

JULY 2014

**Chief Editor**
Rev. T. Selvarajan

**Editor**
R. Sajan Samson

**Sub-Editor**
Manoj Kumar Ebenezer

**Editorial Board**
Rev. C.R. Vincent
Rev. E. Sunin Spenzer
Dr. Christenson E. Sarasam
Adv. Sarjine Thomas

**Circulation Manager**
Zaem Enock

**Address:**
The Editor
Church Voice
M.M. Church
L.M.S. Compound
Trivandrum - 695 033
Ph: 2311347

Articles / Feedback may be sent to :
churchvoice@gmail.com
before 15th of every month

Church Voice can be read online at our website
www.mateermemorialchurch.com

## CSI MATEER MEMORIAL CHURCH
### Regular Weekly Programme

| | | |
|---|---|---|
| | **Morning Worship (Monday to Saturday)** | 07.00 a.m |
| | Devotion Prayer (Monday to Saturday) | 07.30 a.m to 01.00 p.m |
| Sunday | Malayalam Service | 06.00 a.m |
| | Tamil Service | 07.00 a.m |
| | Malayalam Service | 08.00 a.m |
| | English Service | 10.00 a.m |
| | Malayalam Service | 04.15 p.m |
| | Sunday School | 09.30 a.m & 03.00 p.m |
| | Women's Fellowship | 10.00 a.m |
| | CEYF | 11.00 a.m |
| | BCL Union | 11.00 a.m |
| | JCF | 11.00 a.m |
| | Choir Practice | 11.00 a.m |
| | Young Family Fellowship | 05.30 p.m |
| | Praise and Worship (First Sunday) | 06.15 p.m |
| Monday | Bible Class | 05.30 p.m |
| | Vestry Prayer | 06.30 p.m |
| Tuesday | Circle Prayer (3 houses) | 06.30 p.m |
| | Vestry Prayer | 07.00 p.m |
| Wednesday | Gospel Band House Visit | 03.30 p.m |
| | Women's Fellowship | 04.30 p.m |
| Thursday | Senior Citizens' Fellowship | 04.30 p.m |
| | Worship & Witnessing Service | 06.15 p.m |
| Friday | Missionary Prayer Fellowship | 04.30 p.m |
| | Circle Prayer (3 houses) | 06.30 p.m |
| Saturday | Choir Practice | 05.00 p.m |
| | Preparation Service (First Saturday) | 07.00 p.m |

### Members of the Church Committee

| Name | Phone No. | Mobile |
|---|---|---|
| Rev. T. Selvarajan(President) | 2724658 | 9497017194 |
| Rev. C. R. Vincent (Presbyter) | 2316544 | 9446850066 |
| Rev. E. Sunin Spenzer (Presbyter) | 2316644 | 8547811284 |
| Dr. Christenson E. Sarasam (Secretary) | 2327722 | 9995100420 |
| Adv. Sarjine Thomas (Accountant) | 2435142 | 9847104775 |
| Mr. Y. Christudas | 2318213 | 9895114633 |
| Dr. S. G. Churchin Ben | 2315655 | 9447177666 |
| Dr. Arthur Jacob J. | | 9447965063 |
| Dr. S. Satheesh | 2315232 | 9447104460 |
| Mr. T. Jayakumar Alfred | 2534781 | 9895110652 |
| Mr. R. Sajan Samson | 2555013 | 9447153170 |
| Er. Joshi Das Y.S. | 2315106 | 9446052121 |
| Mrs. Charlet Bai Robert Singh | 2436338 | 9495551064 |
| Mrs. Pushpa Madan | 2553247 | 9847215215 |
| Dr. John Sajit Edwin | 2326839 | 9847040490 |
| Church Office | 2311347 | |
| Mr. T. Rajeev (Sexton) | | 9895801012 |
| Mr. G. Wilson (Parish Asst.) | | 9447525339 |

## From the Presbyter's desk



**We are the Ambassadors......**

Greetings to you all in the precious name of our Lord and Saviour Jesus Christ...

I am very much thankful to the other Pastors and all believers who are all accepting me in this congregation.

**"We are Christ's ambassadors, and God is using us to speak to you. We urge you, as though Christ himself was here pleading with you, 'Be reconciled to God!' " (2 Corinthians 5:20)**

**Introduction**

How will the message of the Gospel be proclaimed to the world?

If God were like me, he would have used legions of angels, proclaiming, singing, shouting his message nonstop, simultaneously around the world. But praise God, He is not like me.

From the beginning of time and out of His creativity, He planned to use men and women who have known and experienced the truth of the gospel to be His personal messengers. Man can think or invent 1,000 ways to proclaim the gospel. But as far as God is concerned, the best medium will always be men equipped with their first-hand experience.

In 2 Cor. 5:11-20, the Apostle Paul, while responding to criticisms regarding his ministry, gave 3 reasons why believers should be involved in missions.

**I. Because the Fear of the Lord Controls us (vs.11-13)**

Of course, the "fear" here does not mean Paul was terrorized by the omnipotent God (Gen. 35:5). The reverential awe he felt toward God, gives his best efforts to win others and maintain an honest and well intentional personal ministry. Every Christian who truly fears the Lord must reflect these qualities in the kind of service he does for God. He is accountable to God for his every word, thought or deed. He is accountable for every soul he meets that should have heard the gospel. The word of God to Ezekiel, the prophet, reflects the seriousness of God's intention. (Read 3:18, 21). How many witnessing opportunities did we allow to pass? Every servant must report to his master.

**II. Because the Love of Christ Compels us (14-17)**

It is not so much his love for Christ but Christ's love to him that compelled Paul to serve Him and others. Love because He first loved us (1 John 4:19). If we just open our spiritual eyes and gaze around, we will see hundreds and

thousands of "dead people" walking around, chatting, playing, and wandering aimlessly in their frivolous existence. Our good boss, classmates, dear brothers and sisters, families and loved ones included.

We were once "dead", too, unending thankfulness to God's great love for us, He died that we may live. If we truly believe that "Jesus is the only way to the Father" (John14:6) and "there is no other name under heaven given to men by which we must be saved" (Acts 4:12), then, we cannot keep silent about this message and be guilty of being selfish, keeping to ourselves the grace which others should also experience. We preach so that men will be made new creation in Christ. Not in the sense that bad men are made good, or good men are made better but dead men are made alive in Christ.

**III. Because the Mission of God Commands us (18-20)**

God gave us the ministry of reconciliation and committed to us the message of reconciliation. This is a commission plain and clear. God's mission of reconciling the world unto Him will be brought to completion through God's very owned redeemed.

As ambassador, therefore, Christians are on a diplomatic mission wherever they may be. They are to shine forth God's light and proclaim the message of salvation.

Sadly, Christians have lost this sense of being ambassadors in this world and have been content to be ordinary citizens of the world. May it never be, for our citizenship "Go And Make Disciples Of All Nations!" These are one of the last words of Jesus. To obey Jesus is to do this now, for delayed obedience is disobedience.

Pray, Give and Go How can we be part of Mission work? First, we can all pray.

There is a cosmic conflict involved in missions (2 Cor. 4:4). Our struggle is not against flesh and blood but against principalities and powers (Eph. 6:12). When we pray, we harness the most powerful tool of evangelism-the power of the Holy Spirit. Second, we can all give for the work of the missions. There are places where we ourselves cannot reach but some can. Our money can go very far when invested in missions. Lastly, all of us can go.

Not necessarily to some remote places in the Philippines or in foreign countries, but we can go as Christ's ambassador to our offices, schools, neighbourhood, and our immediate mission fields. If we can't speak to them boldly, you can do it by your life. Remember this: "You can preach a better sermon with your life than with your lips."

**Conclusion:**

"How beautiful are the feet of those who bring the good news" (Isaiah 52:7)

Every Christian must be involved in missions: praying, giving, and going. If you are not a missionary, you are a mission field. If you do not evangelize, you must be evangelized.

Every Christian is a Missionary. God Bless.

1. Our Church will be celebrating the **Youth Week** from July 27 to Aug 3rd. In connection with this, there will be a convention. The preacher for the convention is Bro. Anu Jacob.
2. Please pray for our out station mission works at Salem, Rajasthan, Manikandeswaram, Kothalam, Auborn and Prasanth Nagar.
3. Young Family Fellowship of our church is conducting **Family Bible Quiz** competition during October 2014. The church members and the other worship participants also can join this quiz programme.
4. The Womens Fellowship of our Church has visited the Mental Health centre at Mulayara.
5. Special thanks to the sexton Sivanandan who has served the parish for the past years. Let us uphold Mr. Rajeev and family in our prayers, who is appointed as sexton.

**Rev. T. Selvarajan**
Presbyter-in-charge



# പ്രതിവാര ധ്യാനം

**ജൂലൈ 2014**

ജൂലൈ 6, 2014, ഒന്നാം ഞായർ
വിഷയം: **കാര്യവിചാരകത്വം: വിഭവങ്ങളുടെ ഉത്തരവാദിത്ത്വത്തോടെയുള്ള വിനിയോഗം**
പുറ.18:13-27, സങ്കീ.147:1-11, 2.കൊരി.8:1-15, മത്താ.25:14-30

ജൂലൈ 13, 2014, രണ്ടാം ഞായർ
വിഷയം: **വൈദിക വിദ്യാഭ്യാസം: ദൈവജനത്തിന്റെ സജ്ജമാക്കൽ**
ആവ.6:1-17, സങ്കീ.119:89-104, എഫെ.4:7-16, മത്താ.7:24-29

ജൂലൈ 20, 2014, മൂന്നാം ഞായർ
വിഷയം: **ദൈവജനം: ക്രിസ്തുവിന്റെ സ്ഥാനപതികൾ**
യോശുവ.1:1-9, സങ്കീ.18:16, 20-30, 2.കൊരി.5:1-6, 6:10, മർക്കൊ.6:7-13

ജൂലൈ 27, 2014, നാലാം ഞായർ
വിഷയം: **അഭിഷിക്ത ശുശ്രൂഷ രൂപാന്തരപ്പെടുത്തുവാനുള്ള രൂപാന്തരം**
എഹെ.33:1-9, സങ്കീ.99, 1.തിമൊ:3:1-13, യോഹ.21:15-19

## SECRETARY'S REPORT



Dear friends in Christ,

Transformation is a gift from God. Salvation through the acceptance of the sacrifice of Jesus Christ on the Cross is not to be seen as an entry pass to the life to come, but it involves the transformation of our wholesome life here upon earth to be light of the world and salt of the earth. Transformation of our lives cannot become real without being practical. Mundane standards and earthly values have to be overcome by the transforming power of the resurrection of our Lord and Saviour Jesus Christ. In all spheres of life, we have to rise above from the secular to the sacred to be ambassadors of Christ in this generation.

We are in constant need of divine wisdom which will enable our hearts and minds to be in alignment with the will of God in our lives. The life of Christ is a role model for us to have a vision of a new alternative based on His marvellous grace. Rather than accumulation, greed and impoverishment, let us focus our attention to turning to God and doing His will which is the real sign of Transformation.

In connection with the first death anniversary of our **former Bishop and Moderator Most Rev. Dr. I. Jesudasan**, a memorial service was conducted at his tomb in our Cemetery on 16th June, 2014 under the leadership of our Diocese.

Since the rental dues of **M/s Pinewood Ventures** conducting business in our premises under the proprietorship of our Church member Mr. Sanil Kumar has far exceeded Rs.9.50 lakhs, the Diocese has served notice to the Corporation of Trivandrum for termination of licence. Resolved to clear the waste deposited by M/s Pinewood Ventures in the premises of J&M Hall and to build a fence separating J&M Hall and to lay interlock cobbles in the passage from Parsonage to the J&M Hall. The Church committee which met on 08/06/2014 has also resolved to offer a final chance to Mr. Sanil Kumar to present himself before the Church committee and clear the dues to the Church. Further resolved to announce the matter of rental dues and legal steps taken against M/s Pinewood Ventures in the Church Services and also to publish the same in the Church Voice.

- The work commencement prayer of the **house construction** undertaken by the Church for our member Mr. Shine Mathew was conducted on 15/06/2014.
- Our member Smt. Matilda was granted an amount of Rs.5,000/- for maintenance and plastering of kitchen walls of her house.

*	A grant of Rs.8,000/- had been paid for construction of a Well at Kothalam Mission field.

The services of Sexton **Mr. G. Sivanandan** was terminated on medical grounds w.e.f. 08/06/2014 with benefits for the period till superannuation. While prasing God for his long years of service in our Church, let us continue to uphold him and his family for God's continued blessings. Accordingly, Mr. Rajeev is given the charge of Sexton since Mr. Wilson did not satisfy the terms of the offer. May God strengthen him and his family to serve our Church and the congregation. For the post of peon-cum-gardener, we are on the look out for a person below 45 years of age having a pass in Plus 2 and willing to stay in Church allotted quarters.

The Ward allocation for Presbyters is as follows:

**Rev. T. Selvarajan** - Muttada, Ambalamukku, Nanthencode & Vazhuthacaud.
**Rev. C.R. Vincent** - Charachira, Statue, Thycaud, Edapazhanji.
**Rev. Sunin Spenzer** - LMS, Pattom, Ulloor, Kowdiar.

**Dr. Hilkiah Raj** (Puthupally lane, Medical College) slept in the Lord on 15/06/2014. Please do visit the bereaved family members and pray for their consolation.

Yours in His Mission,

**Dr. Christenson E. Sarasam,**
Church Secretary

CSI MM CHURCH

## CHRISTIAN ENDEAVOUR YOUTH FELLOWSHIP

## YOUTH WEEK - 2014

(27th July - 3rd August)

THEME : **Be Alert**[1 Peter 5:8]

| | | |
|---|---|---|
| 27/7/2014 (Sunday) | Youth Sunday | |
| 28/7/2014 (Monday) | 10:00 am : | Visit |
| | 7:00 pm : | Cottage Prayer |
| 29/7/2014 (Tuesday) | 7:00 pm : | Vestry Prayer |
| 30/7/2014 (Wednesday) | 6:30 pm : | House Visit |
| 31/7/2014 (Thursday) | 6:15 pm : | Worship & Witnessing Service |
| 1/8/2014 (Friday) - 3/8/2014 (Sunday) | 6:00 pm : | Youth Convention |

President		Youth Secretary

# സാധുക്കളോടുള്ള ദൈവത്തിന്റെ കരുതൽ

റവ.സി.റോബിൻസൺ

സമൂഹം അടിസ്ഥാനപരമായി വിഭജിക്കപ്പെട്ടിരിക്കുന്നു. പണം ഇല്ലാത്തവരും ഉള്ളവരും തമ്മിലും അംഗീകാരവും പദവിയും ഉള്ളവരും ഇല്ലാത്തവരും തമ്മിലും, വിദ്യാഭ്യാസവും തൊഴിലും ഉള്ളവരും ഇല്ലാത്തവരും തമ്മിലും അധികാരം ഉള്ളവരും ഇല്ലാത്തവരും തമ്മിലും പ്രകടമായ വ്യത്യാസം സമൂഹത്തിൽ കാണാൻ സാധിക്കും. ഇവിടെ വ്യക്തമായും പക്ഷം ചേരൽ ഒരു അനിവാര്യഘടകമായി മാറുന്നു. വിശുദ്ധ സുവിശേഷങ്ങളിൽ വെളിപ്പെടുന്ന യേശുവിന് ഒരു പക്ഷം ചേരൽ ഉണ്ടെന്നുള്ള അറിവ് - ദരിദ്രരോടുള്ള പക്ഷം - നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. സ്വാഭാവികമായും ക്രിസ്തുവിന്റെ അനുയായികളും ദരിദ്രന്റെ പക്ഷം ചേരാൻ നിർബന്ധിതരാകുന്നു. ഇതിന് പ്രേരകമാകുന്ന ചില ആശയങ്ങൾ ഈ ലേഖനത്തിൽ പങ്കുവെയ്ക്കുന്നു.

ഒന്നാമതായി, വേദപുസ്തകം തരുന്ന ആശയം **ദരിദ്രർ ദേശത്ത് എപ്പോഴും ഉണ്ടായിരിക്കും** എന്ന സത്യമാണ്. ആവർത്തന പുസ്തകം 15:11 ൽ നാം ഇപ്രകാരം വായിക്കുന്നു. "ദരിദ്രർ ദേശത്ത് അറ്റു പോകയില്ല; അതു കൊണ്ട് നിന്റെ ദേശത്ത് അഗതിയും ദരിദ്രനുമായ നിന്റെ സഹോദരനു നിന്റെ കൈ മനസ്സോടെ തുറന്നു കൊടുക്കണമെന്ന് ഞാൻ നിന്നോട് ആജ്ഞാപിക്കുന്നു." മോശ മുഖാന്തരം യിസ്രായേൽ ജനങ്ങൾക്ക് കൊടുത്ത ഈ കൽപ്പന യേശു തന്റെ പരസ്യ ശുശ്രൂഷ കാലഘട്ടത്ത് ഒന്നു കൂടെ എടുത്തു പറയുകയുണ്ടായി. ബഥാന്യയിലെ ലാസറിന്റെ ഭവനത്തിൽ യേശുവിനു വേണ്ടി ഒരുക്കിയ പ്രത്യേക അത്താഴത്തിൽ ലാസറിന്റെ സഹോദരി മറിയ ഒരു റാത്തൽ സ്വഛജഡമാംസി തൈലം കൊണ്ടു വന്ന് യേശുവിന്റെ കാലിൽ പൂശി തലമുടി കൊണ്ട് കാൽ തുടച്ച് യേശുവിനോടുള്ള ആദരവ് പ്രകടിപ്പിച്ചു. അപ്പോൾ പന്തിയിലിരുന്ന ശിഷ്യരിലൊരുവനായ യൂദാസ് ഈ തൈലം 300 വെള്ളിക്കാശിന് വിറ്റ് ദരിദ്രർക്ക് കൊടുക്കാമായിരുന്നു എന്ന് അഭിപ്രായപ്പെട്ടു. ഉദ്ദേശശുദ്ധിയില്ലാത്ത ഈ അഭിപ്രായത്തെ പാടെ നിരാകരിച്ചു കൊണ്ട് യേശു ചെയ്ത പ്രസ്താവനയിൽ ഇപ്രകാരം വ്യക്തമാക്കി. ദരിദ്രർ നിങ്ങൾക്കെല്ലാപ്പോഴും അടുക്കെ ഉണ്ടല്ലോ. ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് എന്തൊക്കെ ചെയ്താലും ദരിദ്രർ ദേശത്ത് അറ്റു പോകയില്ല എന്ന സത്യം വേദപുസ്തകം പഠിപ്പിക്കുന്നു.

രണ്ടാമതായി, **ദരിദ്രരോട് സുവിശേഷം പറയാനായി തന്നെ അഭിഷേകം ചെയ്തിരിക്കുന്നുവെന്ന് യേശു തന്റെ പ്രകടനപത്രികയിൽ വ്യക്തമാക്കി.** ലൂക്കോസ് 4:8-ൽ കാണുന്ന നസ്രേത്ത് മാനിഫെസ്റ്റോ എന്ന് വിശേഷിപ്പിക്കുന്ന യേശുവിന്റെ പ്രകടന പത്രികയിൽ പറഞ്ഞിരിക്കുന്ന

പ്രകടമായ ആശയം ദരിദ്രരുടെ ഉദ്ധാരണമാണ്. പരീക്ഷകൾക്ക് വിധേയനായി മരുഭൂമിയിൽ ആയിരുന്ന യേശു ഗലീലയിലൂടെ നസ്രേത്തിൽ എത്തി പള്ളിയിൽ ആരാധനയിൽ പങ്കെടുത്തു. പതിവ് പോലെ പാഠം വായനയ്ക്കായി എഴുന്നേറ്റ് നിന്നു. യെശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ നിന്നാണ് യേശു വായിച്ചത്. ദരിദ്രരോടുള്ള സുവിശേഷം അറിയിപ്പാൻ കർത്താവ് എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവ് എന്റെ മേൽ ഉണ്ട് എന്ന ഭാഗം വായിച്ചിട്ട് അത് ഇന്ന് നിവൃത്തിയായി എന്ന് ഉറക്കെ പ്രഖ്യാപിച്ചു. ദരിദ്രരോടുള്ള നമ്മുടെ പ്രതിബദ്ധത യേശു എടുത്തു കാട്ടുകയാണ്.

മൂന്നാമതായി, **ദരിദ്രരെപ്പറ്റിയുള്ള നമ്മുടെ അശ്രദ്ധ ക്രിസ്തുവിന് നേരെയുള്ള ഒരു പാപമാണെന്നും വേദപുസ്തകം നമുക്ക് മുന്നറിയിപ്പ് തരുന്നു.** ഒരു മനുഷ്യൻ പരദേശത്ത് പോകുമ്പോൾ ദാസന്മാരെ വിളിച്ച് അവന്റെ സമ്പത്ത് അവരെ ഏൽപ്പിച്ചു. അഞ്ച് താലന്തും രണ്ട് താലന്ത് കിട്ടിയവനും അത് വ്യവഹാരം ചെയ്ത് ഇരട്ടിയാക്കി. ഒരു താലന്ത് ലഭിച്ചവൻ വ്യവഹാരം ചെയ്യാതെ അത് കുഴിച്ചിട്ടിരുന്നു. വ്യവഹാരം ചെയ്തവരെ യജമാനൻ വാനോളം പുകഴ്ത്തി. താലന്ത് കൊണ്ടു ചെന്ന് കുഴിച്ചിട്ടിരുന്നവനെ യജമാനൻ ശപിച്ച് കരച്ചിലും പല്ലുകടിയും ഉള്ള സ്ഥലത്തേയ്ക്ക് എറിഞ്ഞു കളഞ്ഞു. ഈ സംഗതികൾ യേശു വിവരിച്ച ശേഷം ന്യായം വിധിക്കുന്നതിന്റെ മാനദണ്ഡം ജനങ്ങളെ പഠിപ്പിച്ചു. മനുഷ്യപുത്രൻ തേജസ്സിന്റെ സിംഹാസനത്തിൽ ഇരുന്ന് സകലജനത്തെയും കൂട്ടി വരുത്തി ഇടയൻ ചെമ്മരിയാടുകളെയും കോലാടുകളെയും വേർ തിരിക്കുന്നതു പോലെ തന്റെ ജനത്തെ ഇടത്തും വലത്തുമായി വേർതിരിച്ച് നിർത്തും. വലത്തു ഭാഗത്തു നിൽക്കുന്നവരെ അനുഗ്രഹിക്കപ്പെട്ടവരെയെന്ന് വിളിച്ച് ലോകസ്ഥാപനം മുതൽ അവർക്കായി ഒരുക്കിയിരിക്കുന്ന രക്ഷയെ കരസ്ഥമാക്കിക്കൊൾവാൻ കൽപ്പിക്കും. അനുഗ്രഹിക്കപ്പെട്ടവരെയെന്ന് വിളിച്ച് രക്ഷയെ കരസ്ഥമാക്കാൻ പറയുന്നതിനു കാരണം യേശു പറഞ്ഞു. എനിക്ക് വിശന്നു, നിങ്ങൾ ഭക്ഷിപ്പാൻ തന്നു; ദാഹിച്ചു, നിങ്ങൾ കുടിപ്പാൻ തന്നു; ഞാൻ അതിഥിയായിരുന്നു, നിങ്ങൾ എന്നെ ചേർത്തു കൊണ്ടു; നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചു; രോഗിയായിരുന്നു, നിങ്ങൾ എന്നെ കാണ്മാൻ വന്നു; തടവിൽ ആയിരുന്നു, നിങ്ങൾ എന്റെ അടുക്കൽ വന്നു. നീതിമാന്മാരുടെ പട്ടികയിൽ ചേർക്കപ്പെട്ടിരിക്കുന്ന വലതു ഭാഗത്ത് നിൽക്കുന്നവരുമായുള്ള സംശയം ദൂരീകരിച്ച് കൊണ്ട് യേശു പറഞ്ഞു. സാധുക്കളായ നിങ്ങളുടെ സഹോദരങ്ങൾക്ക് ചെയ്തതൊക്കെയും എനിക്ക് ചെയ്തതാകുന്നു. അപ്രകാരം യേശു വ്യക്തമാക്കി ദരിദ്രരായ സഹോദരങ്ങളെപ്പറ്റിയുള്ള അശ്രദ്ധ ക്രിസ്തുവിനെതിരെയുള്ള പാപമാണ്.

നാലാമതായി, **സാധുക്കളെക്കുറിച്ചുള്ള കരുതൽ മാനസാന്തരത്തിന്റെ ഫലമാണ് എന്ന് വേദപുസ്തകം വ്യക്തമാക്കുന്നു.** സെഖര്യാവിന്റെ മകനായ യോഹന്നാന് മരുഭൂമിയിൽ വെച്ച് ദൈവത്തിന്റെ അരുളപ്പാടുണ്ടായി. അവൻ യോർദ്ദാന്നരികെയുള്ള നാട്ടിൽ ഒക്കെയും വന്നു

പാപമോചനത്തിനായുള്ള മാനസാന്തരസ്നാനം പ്രസംഗിച്ചു എന്ന് സുവിശേഷകങ്ങളിൽ നാം വായിക്കുന്നു. അനേകം പേർ സ്നാനം സ്വീകരിക്കാൻ യോഹന്നാന്റെ അടുക്കൽ വന്നു. സ്നാനം സ്വീകരിച്ചവരോട് യോഹന്നാൻ മാനസാന്തരത്തിന് യോഗ്യമായ ഫലം കായ്ക്കാൻ അവരെ ഉപദേശിച്ചു. എങ്ങനെയാണ് ഫലം കായ്ക്കുന്നതെന്ന് ജനങ്ങളുടെ ചോദ്യത്തിന് മറുപടിയായി സ്നാപകൻ പറഞ്ഞു രണ്ട് വസ്ത്രമുള്ളവൻ ഒന്ന് ഇല്ലാത്തവന് കൊടുക്കണം. സാധുക്കളെക്കുറിച്ചുള്ള കരുതൽ മാനസാന്തരത്തിന്റെ പ്രകടമായ ഫലമാണ് എന്ന് വേദപുസ്തകം പഠിപ്പിക്കുന്നു.

അഞ്ചാമതായി, **വിശ്വാസത്തോടെ സാധുക്കളെ സഹായിക്കുന്നവർക്ക് വിവിധ വാഗ്ദത്തങ്ങൾ വേദപുസ്തകം ഉറപ്പ് തരുന്നു.** പരീശന്റെ ഭവനത്തിൽ വിരുന്നിനു പങ്കെടുത്ത യേശു ക്ഷണിക്കപ്പെട്ടവർ മുഖ്യാസനങ്ങളെ തിരഞ്ഞെടുക്കുന്നതു കണ്ടിട്ട് ഇപ്രകാരം പറഞ്ഞു. തന്നെത്താൻ ഉയർത്തുന്നവനെല്ലാം താഴ്ത്തപ്പെടും. തന്നെത്താൻ താഴ്ത്തുന്നവനെല്ലാം ഉയർത്തപ്പെടും. ആ വിരുന്നു വീട്ടിൽ വെച്ചു തന്നെ യേശുവിനെ ക്ഷണിച്ച പരീശന്മാരെ താക്കീത് ചെയ്തു. വിരുന്നിന് വിളിക്കുമ്പോൾ മേലാൽ സ്നേഹിതരെയും, സഹോദരങ്ങളെയും, ചാർച്ചക്കാരെയും സമ്പത്തുള്ളവരെയും വിളിക്കരുത്. ദരിദ്രർ, അംഗഹീനർ, മുടന്തർ, കുരുടർ എന്നിങ്ങനെ ദരിദ്രരായ പ്രത്യുപകാരം ചെയ്യാൻ കഴിയാത്ത സാധുക്കളെ വിളിച്ച് സൽക്കരിക്കണം. അങ്ങനെ ചെയ്യുന്നവർക്ക് നീതിമാന്മാരുടെ പുനരുത്ഥാനത്തിൽ പങ്കുണ്ടാകുമെന്ന് യേശു പഠിപ്പിച്ചു. യേശു നമുക്കായി സ്വർഗ്ഗത്തിൽ ഒരുക്കുന്ന ഒരു വിരുന്നിനെക്കുറിച്ചും സംസാരിക്കുകയുണ്ടായി.

അനേകം ആളുകളെ വിളിച്ചിരുന്നു. പലരും പലകാരണങ്ങൾ കൊണ്ടും പങ്കെടുക്കാൻ സാധിക്കുകയില്ല എന്ന് യജമാനനെ ബോദ്ധ്യപ്പെടുത്തി. ക്ഷണിക്കപ്പെട്ടവർ പങ്കെടുക്കാത്തതു കൊണ്ട് യജമാനൻ തന്റെ ദാസന്മാരെ അയച്ച് വിരുന്നുശാല നിറയേണ്ടതിന് വഴിത്തലയ്ക്കൽ ചെന്ന് ദരിദ്രരരെയും, അംഗഹീനരെയും, കുരുടന്മാരെയും, മുടന്തന്മാരെയും ക്ഷണിക്കാൻ പറഞ്ഞു. അവിടെക്കും മറ്റ് മാനദണ്ഡങ്ങളൊന്നുമില്ലാതെ ദരിദ്രരെ തന്റെ രാജ്യത്തിൽ പ്രവേശിപ്പിക്കുന്നു.

ദരിദ്രർക്ക് സദ്വാർത്ത നൽകാൻ സഭയ്ക്ക് സാധിക്കുമോയെന്ന് Bishop David Sheperd ചോദിച്ചിട്ട് അദ്ദേഹം തന്നെ പ്രതികരിക്കുന്നതിപ്രകാരമാണ്. "ദരിദ്രർക്ക് യേശു അവരുടെ പക്ഷത്ത് എന്ന് നല്ല വ്യക്തത ഉണ്ട്. പക്ഷെ സഭയെപ്പറ്റി അവർക്ക് സംശയമാണ്." സഭാനേതൃത്വം പൊതുവെ പണക്കാരോടും, അധികാരസ്ഥരോടും നല്ല ബന്ധം പുലർത്താൻ വെമ്പൽ കൊള്ളുന്നു. ദരിദ്രരെ കേൾക്കാനും പിൻ പറ്റാനും തീരുമാനമെടുക്കുന്നിടത്ത് മുൻഗണനയിൽ മാറ്റമുണ്ടാകണം. എങ്കിൽ മാത്രമേ നാം ക്രിസ്തുവിന്റെ ഭാവമുള്ളവർ ആയിത്തീരൂ.

# ALMOND (Badam)

Dr. Thilaga Samson



In Genesis 43:11, almond is considered one among the best nuts. Almond is often eaten on its own, raw or toasted, it is also a component of various dishes. Almonds are available in many forms, such as whole, sliced and as flour. Almonds yield almond oil and can be used in both sweet and savoury dishes. Almond oil can be applied to the skin as an emollient. They are also used to make almond butter. Almonds can be processed into a milk substitute called almond milk for lactose intolerance people. Almond flour is often used as a gluten free alternative to wheat flour in cooking and baking.

The almond is a nutritionally dense food and is a rich source of vitamin E, containing 26 mg per 100 gm. They are also rich in diatery fibre, B vitamins, essential minerals such as magnesium, copper, manganese, calcium and potasium as well as mono unsaturated fats and polyunsaturated fats (which potentially lower cholestrol). Almonds also contain phytosterols which have been associated with cholestrol lowering properties.

# Forgiveness

**Dr. Florence Isaac**

Forgiveness is essential to our peace, contentment and enjoyment of life. The Bible declares, 'And be ye kind one to another, forgiving one another even as God for Christ' sake hath forgiven you.' (Eph.4:32). There are two areas of life in which everyone needs to experience forgiveness.

First, **we need the forgiveness of God.** 'For all have sinned and come short of the glory of God' (Rom.2:23). We have wilfully disobeyed Him. But God's love towards us is greater than our sin against Him. Therefore He has provided a way in which we can be forgiven and reconciled to Him. Our forgiveness was made possible through the death of Christ at Calvery. Jesus was hanging on the cross with nails pierced through His hands and feet, and a crown of thorns on his head, enduring excruciating pain for six whole hours. Jesus said, 'Father forgive them for they though not what they do'. The shedding of His blood paid our sin debt in full. Eternity itself is not large enough to hold the love of Jesus towards us.

Second, **we need to forgive others**. To forgive those who have offended us is to set them free from obligations from us which are the results of wrongs done to us. The Bible says, 'For though Lord, art good and ready to forgive' (Psalms 86:5). Forbearing one another and forgiving one another, if any man have a quarrel against any, even as Christ forgive so also do ye (Col.3:13).

Similiarly, when Stephen was being stonned to death for proclaiming the word of God, he knelt down and cried with a loud voice, Lord, lay not the sin to their charge; Lord Jesus, receive my spirit (Acts.7:60).

God's forgiveness is not the result of our performance, it is an act of His grace, His undeserved love and favour. Eternity itself is not large enough to hold the love of Jesus towards us. How awesome.

# മേരി ജോൺസ്

മനോജ് കുമാർ എബനീസർ

വടക്കൻ വെയിൽസിലെ ഒരു ഗ്രാമത്തിലെ നെയ്ത്തുകാരായിരുന്നു ജേക്കബ് ജോൺസും ഭാര്യ മേരി ജോൺസും. 1784 ഡിസംബർ 14-ന് അവരുടെ ആദ്യത്തെ കുഞ്ഞ് ജനിച്ചു. മൂന്ന് ദിവസം കഴിഞ്ഞ് ഗ്രാമത്തിലെ ചെറിയ പള്ളിയിൽ അവളെ മേരി എന്ന പേരിൽ സ്നാനപ്പെടുത്തി. അമ്മയുടെ പേരുമായി ആശയക്കുഴപ്പം ഒഴിവാക്കാൻ അവളെ എല്ലാവരും മേരി ജേക്കബ് എന്നു വിളിക്കാൻ തുടങ്ങി.

മേരിക്ക് 4 വയസ്സ് പൂർത്തിയായി 3 മാസത്തിനകം 1789 മാർച്ചിൽ പിതാവായ ജേക്കബ്ബ് നിര്യാതനായി. അദ്ദേഹം ജീവിച്ചിരുന്ന വേളയിൽ തന്നെ അവർ ദാരിദ്ര്യത്തിലായിരുന്നു. നെയ്ത്ത് തൊഴിൽ കൂടാതെ കന്നുകാലി ഫാമുകളിൽ താൽക്കാലിക ജോലിക്ക് പോകുമായിരുന്നു. അതു നിലച്ചതോടെ അവർ ശരിക്കും ദാരിദ്ര്യത്തിലായി.

മെതഡിസ്റ്റ് പ്രസ്ഥാനത്തിന്റെ വചനം പ്രസംഗിക്കുന്ന സഞ്ചാരികൾ ഈ കാലയളവിൽ വടക്കൻ വെയിത്സിൽ എത്തി. ഈ അമ്മയെയും മകളെയും പോലെ ആംഗ്ലിക്കൻ സഭകളിൽ വളർന്ന പലരും മെതഡിസ്റ്റ് ഉണർവ്വ് യോഗങ്ങളിൽ പങ്കെടുക്കുകയും അവരുടെ ഓരോ പ്രദേശത്തെ പതിവ് കൂട്ടായ്മകളിൽ ചേരുകയും ചെയ്തു. മേരിക്ക് 6 വയസ്സുള്ളപ്പോൾ ആ സ്ഥലത്ത് തങ്ങി വചനം പ്രസ്താവിച്ച് കൂട്ടായ്മ സംഘടിപ്പിച്ച വില്യം ഹ്യൂ ഗ്രാമത്തിലുള്ള ഓരോ വീടും സന്ദർശിച്ച് ബൈബിൾ വായിച്ച് പ്രാർത്ഥിക്കുകയും കുട്ടികൾക്ക് ബൈബിൾ കഥകൾ പറഞ്ഞുകൊടുക്കുകയും ചെയ്തു വന്നു. അങ്ങനെ യേശുവിനെക്കുറിച്ച് അറിഞ്ഞ മേരി 8 വയസ്സായപ്പോൾ ആ ഗ്രാമത്തിലെ മെതഡിസ്റ്റ് കൂട്ടായ്മയിലെ അംഗമായി. തന്റെ അമ്മയോടൊപ്പം വൈകിട്ടുള്ള ഉണർവ്വ് യോഗങ്ങൾക്ക് വിളക്കുമായി പോകുമായിരുന്ന ഈ കൊച്ചുകുട്ടിക്ക് പ്രത്യേക പരിഗണന നൽകി അംഗത്വം നൽകുകയായിരുന്നു (മുതിർന്നവരെ മാത്രമേ കൂട്ടായ്മയിൽ അംഗമാക്കുകയായിരുന്നുള്ളൂ).

ബാല എന്ന പേരിൽ ഒരു ചെറുപട്ടണം അവരുടെ ഗ്രാമത്തിന് 40 കിലോമീറ്റർ ദൂരത്തിൽ ഉണ്ടായിരുന്നു. അവിടെ ഒരു കാൽവിനിസ്റ്റ് മെതഡിസ്റ്റ് സഭ ഉണ്ടായിരുന്നു. അറിയപ്പെടുന്ന വചനപ്രസംഗകനായ തോമസ് ചാൾസ് ബാലയിൽ താമസമാക്കി. പാവപ്പെട്ട കുട്ടികളെ പഠിപ്പിക്കാനായി തന്റെ വീട് തുറന്നു കൊടുത്തു. നമ്മുടെ നാട്ടിൽ എൽ.എം.എസ് മിഷണറിമാർ ചെയ്തതു പോലെ അദ്ദേഹം കുറച്ചുപേരെ അഭ്യസിപ്പിച്ച് ഒരു കാലയളവിലേക്ക് ഒരു പ്രദേശത്ത് പറഞ്ഞുവിടുകയും അവർ കുട്ടികൾക്കും മുതിർന്നവർക്കും വായനയും ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനകാര്യങ്ങളും പഠിപ്പിച്ചുകൊടുക്കുകയും ചെയ്യാനായി ഉൽസാഹിക്കുകയും അടുത്ത പടിയായി എഴുതാൻ പഠിപ്പിക്കുകയും, വടക്കൻ വെയിത്സിൽ ഇത്തരുണത്തിൽ ധാരാളം സ്കൂളുകൾ സ്ഥാപിക്കുകയും ചെയ്തു. മെതഡിസ്റ്റുകാരാണ് ഈ സൗജന്യ വിദ്യാഭ്യാസത്തിന് സാമ്പത്തിക സഹായം ചെയ്തത്. ഇത്തരം സ്കൂളുകളിൽ ഒന്നിൽ മേരി ജോൺസ് ഒരു വിദ്യാർത്ഥിയായി. പഠിക്കാൻ മിടുക്കിയും നല്ല ഓർമ്മശക്തിയുമുള്ളവളായിരുന്നു മേരി.

ബ്രിട്ടീഷ് സാമ്രാജ്യത്തിലെ വെയിത്സിലെ ജനങ്ങളുടെ ഭാഷ 'വെൽഷ്' ആയിരുന്നു. വെൽഷ് ഭാഷയിൽ ബൈബിളുകൾ ലഭിക്കാനുള്ള ബുദ്ധിമുട്ടാണ് തോമസ് ചാൾസിന്റെ ദൗത്യത്തിന് ഏറെ തടസ്സമായത്. അന്ന് ബൈബിൾ സൊസൈറ്റിയോ ഗിഡിയോൻസ് പോലുള്ള സംഘടനകൾ ഉണ്ടായിരുന്നില്ല. ആംഗ്ലിക്കൻ സഭയുടെ SPCK എന്ന സംഘടനയിൽ നിന്ന് കുറേ ബൈബിൾ ലഭ്യമായെങ്കിലും അവ എല്ലാവർക്കും തികയാൻ പോന്നതായിരുന്നില്ല.

സ്വന്തമായൊരു ബൈബിൾ ലഭിക്കാൻ മേരി ജോൺസ് ഏറെ കൊതിച്ചു. ചാൾസിന്റെ സ്കൂളിലെ ബൈബിൾ പഠനം അവൾ എന്നും ഓർക്കുമായിരുന്നു. പല വർഷങ്ങളായി തന്റെ വീട്ടുവേലയിൽ നിന്നും മിച്ചംവച്ച നാണയങ്ങൾ അവൾ മാറ്റിവെച്ചു പോന്നു. ഗ്രാമത്തിൽ നിന്നും 3 കിലോമീറ്റർ അകലെയുള്ള ഒരു കന്നുകാലി ഫാമില ഒരു കർഷകന്റെ വീട്ടിൽ ഒരു വെൽഷ് ബൈബിൾ ഉണ്ടായിരുന്നു. കർഷകന്റെ ഭാര്യ അതുവന്ന് വായിച്ചുകൊള്ളാൻ മേരിക്ക് അനുവാദം കൊടുത്തു. അങ്ങനെ ആഴ്ച തോറും ഏത് പ്രതികൂല കാലാവസ്ഥയിലും അവൾ നടന്നുപോയി ബൈബിൾ ഭാഗങ്ങൾ വായിച്ച് ഹൃദിസ്ഥമാക്കുമായിരുന്നു.

ഇങ്ങനെ നടന്നുചെന്ന ഒരു കൊടുങ്കാറ്റുള്ള ദിവസം കുതിരപ്പുറത്ത് സഞ്ചരിക്കുന്ന ഒരു മനുഷ്യൻ മേരിയെ എതിരേറ്റു, 'ഈ കാറ്റിലും മഴയിലും നീ എവിടെ പോകുന്നു' എന്ന് ചോദിച്ചു. ഞാൻ ബൈബിൾ ഉള്ള ഒരു ഫാം ഹൗസിൽ പോവുകയാണ്. എന്റെ വീട്ടിനടുത്ത് ബൈബിൾ ഇല്ല. ഇതു വായിച്ചോളാൻ കർഷകന്റെ ഭാര്യ എനിക്ക് അനുവാദം തന്നു. എനിക്ക് സ്വന്തമായി ഒരു ബൈബിൾ വാങ്ങാൻ ഓരോ കാശും ഞാൻ ലാഭിക്കുകയാണ്. പക്ഷെ എവിടെ ലഭിക്കുമെന്ന് അറിയില്ല' ഇങ്ങനെ അവൾ മറുപടി പറഞ്ഞു. കുതിരസവാരിക്കാരൻ പറഞ്ഞു: 'എന്റെ പേര് ചാൾസ്. ഞാൻ ബാലയിലാണ് താമസം. ലണ്ടനിൽ നിന്ന് കുറേ ബൈബിളിന് ഏർപ്പാട് ചെയ്തിട്ടുണ്ട്. ലഭിച്ചാൽ ഒരെണ്ണം നിനക്ക് തരാൻ പറ്റും.'

അങ്ങനെ 40 കിലോമീറ്റർ ദൂരെയുള്ള ബാലയിലേക്ക് പോകാൻ അവൾ അമ്മയെ സമ്മതിപ്പിച്ചു. 1800-മാണ്ട് ഒരു വരണ്ട വേനൽ ദിനത്തിൽ അവൾ യാത്ര പുറപ്പെട്ടു. കാൽനട അല്ലാതെ ഒരു മാർഗ്ഗവും സാധാരണക്കാർക്കുണ്ടായിരുന്നില്ല. തോളിലെ സഞ്ചിയിൽ ബൈബിളിനായി ശേഖരിച്ചുവെച്ച തുകയും കുറച്ച് ബ്രഡ്ഡും ചീസും, അവളുടെ ഒരേയൊരു ജോഡി ചെരിപ്പും കെട്ടിക്കൊടുത്ത് അമ്മ അവളെ യാത്രയാക്കി. വേറെ ചെരിപ്പ് വാങ്ങാൻ നിവൃത്തിയില്ലാത്തതിനാൽ നഗ്നപാദയായിട്ടാണ് മേരി പോകുന്നത്. പട്ടണത്തിലെത്തിയ ശേഷം ധരിക്കാനാണ് ചെരുപ്പ് കരുതിയിരുന്നത്. അന്ന് മേരിക്ക് 15 വയസ്സായിരുന്നു.

കുന്നും കാടും താണ്ടി ബാലയിലെത്തിയ മേരി തോമസ് ചാൾസിന്റെ വീട് കണ്ടുപിടിച്ച് അവിടെയെത്തി കതകിൽ മുട്ടി. ചാൾസ് കതക് തുറന്നപ്പോൾ അവളെ മനസ്സിലാക്കി. 'അയ്യോ, ബൈബിളുകൾ ഇതുവരെ എത്തിച്ചേർന്നിട്ടില്ലല്ലോ എന്നു പറഞ്ഞപ്പോൾ മേരി പൊട്ടിക്കരയാൻ തുടങ്ങി. 'സാരമില്ല, എന്റെ വീട്ടുവേലക്കാരിയുണ്ട്, അവളോടൊപ്പം താമസിച്ചോളൂ. ലണ്ടനിൽ നിന്ന് ബൈബിളെത്തുന്നതുവരെ' എന്നദ്ദേഹം പറഞ്ഞു. രണ്ട് ദിവസത്തിനകം അവ എത്തിച്ചേരുകയും ഒരു ബൈബിളിന്റെ വിലയ്ക്ക് മൂന്നെണ്ണം സ്തബ്ധയായ മേരിക്ക് ചാൾസ് സമ്മാനിക്കുകയും ചെയ്തു. വീണ്ടും പാദരക്ഷകൾ തേഞ്ഞ് തീരാതിരിക്കാൻ സഞ്ചിയിലാക്കി, നടന്നും ഓടിയും മേരി വീട്ടിൽ ചെന്നു.

*(ശേഷം പേജ് 15ൽ...)*

# നമ്മുടെ മക്കൾ

മിസ്സിസ് ലൈജു തങ്കച്ചൻ
(ചൈൽഡ് ഇവാഞ്ചലിസം ഫെല്ലോഷിപ്പ്)

ഞങ്ങളുടെ മക്കളെ അനുഗ്രഹിക്കേണമേ... എല്ലാ മാതാപിതാക്കളുടെയും ആഗ്രഹവും പ്രാർത്ഥനയുമാണിത്. നാം കാണുകയും കേൾക്കുകയും, മനസ്സിലാക്കുകയും ചെയ്തതിനൊത്തവണ്ണം സ്വന്തം ജീവിതത്തെ തുലനം ചെയ്തും വിദ്യാഭ്യാസം, ജോലി, സാമ്പത്തിക ഉയർച്ച, ഭാവിയിൽ ഉണ്ടാകേണ്ടുന്ന സ്ഥാനമാനങ്ങൾ ഇവയെല്ലാം ചേർത്താണ് 'അനുഗ്രഹം' എന്ന വാക്ക് നാം ആവർത്തിക്കുന്നത്. ദൈവത്തിന്റെ അനുഗ്രഹം വളരെ വ്യത്യസ്തമാണ്. ഓരോ കുഞ്ഞും ഭൂമിയിൽ പിറക്കുന്നത് ദൈവത്തിന്റെ വ്യക്തമായ പദ്ധതിയോട് കൂടിയാണ്. ഓരോ കുഞ്ഞിനെയും അനുഗ്രഹിക്കാൻ ദൈവം നോക്കിക്കൊണ്ടിരിക്കുകയാണ്. 'സ്വർഗ്ഗത്തിലെ സകല ആത്മീയ അനുഗ്രഹങ്ങളാലും അവരെ അനുഗ്രഹിക്കാൻ' (എഫെ.1:3).

വലിയ ഒരു അനുഗ്രഹത്തിലേക്ക്, ജീവിതവിജയത്തിലേക്ക് നടത്തുമ്പോൾ ചെറിയ ചില പരാജയങ്ങൾ, വിമർശനങ്ങൾ അർഹതപ്പെട്ടത് എന്ന് തോന്നുന്ന ഉയർച്ച ലഭിച്ചും ലഭിക്കാതെയും, അംഗീകാരം ലഭിച്ചും ലഭിക്കാതെയും പ്രതിസന്ധികളിൽക്കൂടി നടത്തി പക്വതയുള്ള ആശ്രയബോധമുള്ള, അനുസരണമുള്ള, ദൈവകരങ്ങളിൽ അടങ്ങിയിരുന്ന് നല്ലൊരു മൺപാത്രമായി മാറ്റി ദൈവത്തിന്റെ ആത്യന്തശക്തി പകരുവാൻ യോഗ്യനാക്കിത്തീർക്കുന്നു.

യേഖേബേദ് വിവേകമതിയായ ഒരമ്മ (മോശയുടെ അമ്മ) പ്രതിസന്ധികളെ ബോധപൂർവ്വം നേരിടുന്ന ഒരു ധീരവനിത. പരിഭവമോ പരാതിയോ ഇല്ലാതെ വളരെ പ്രതികൂലമായ സാഹചര്യം വിവേകത്തോടെ തന്നെക്കൊണ്ട് ചെയ്യുവാൻ കഴിയുന്നത് ചെയ്തു, ബാക്കി ദൈവപ്രവർത്തിക്കായി ഏൽപ്പിച്ചുകൊടുക്കുകയും ചെയ്തു. മൂന്നുമാസം മോശയെ ഒളിപ്പിച്ചു വളർത്തി, പിന്നീട് ഞാങ്ങണ കുട്ട ഉണ്ടാക്കി അതിൽ കിടത്തി നൈൽ നദിയുടെ ഓരത്ത് വളർന്നു നിൽക്കുന്ന ചെടികളുടെ ഇടയിൽ കൊണ്ടുവെച്ചു. ഇതെല്ലാം കണ്ടുനിന്ന മകൾ കുഞ്ഞിന് എന്തിന് സംഭവിക്കും എന്നറിയാൻ പുഴയോരത്ത് തന്നെ നിന്നു. ഫറവോന്റെ പുത്രി കുട്ട കണ്ടു. തോഴിമാരുടെ സഹായത്താൽ കുട്ട അവളുടെ അടുത്ത് കൊണ്ടുവന്നു. കുമാരി കുട്ടയുടെ മൂടി തുറന്നു. സുന്ദരനായ ഒരു കുഞ്ഞ് - ഇത് എബ്രായരുടെ കുഞ്ഞാണ്, അവൻ കരയുന്നു. കുമാരിക്ക് കുഞ്ഞിനോട് കനിവ് തോന്നി. ഇവനെ ഞാൻ വളർത്തും - ദൈവം ആ കുഞ്ഞിന് വേണ്ടി പ്രവർത്തിച്ചു.

ഇതെല്ലാം നോക്കി നിന്ന മിര്യാം കുമാരിയുടെ അടുത്തെത്തി 'ഈ പൈതലിന് മുല കൊടുത്ത് വളർത്തുവാൻ ഒരു എബ്രായ സ്ത്രീയെ ഞാൻ ചെന്ന് വിളിച്ചുകൊണ്ടു വരണമോ?' വളരെ വിവേകത്തോടെ മിര്യാം സംസാരിച്ചു. ഇത് എന്റെ സഹോദരൻ എന്നോ, ഇവന്റെ അമ്മയെ വിളിച്ചുകൊണ്ടുവരട്ടെ എന്നോ അവൾ ചോദിച്ചില്ല. ഈ വിവേകം അവരുടെ അമ്മയിൽ നിന്നും പകർത്തിയതല്ലേ. അമ്മ വിവേകത്തോടും പരിജ്ഞാനത്തോടും കൂടി പെരുമാറുമ്പോൾ മക്കൾ അത് കണ്ടുപഠിക്കും.

'സ്ത്രീകളിൽ ജ്ഞാനമുള്ളവർ തന്റെ വീട് പണിയുന്നു' സ്വന്തം കുഞ്ഞിനെ വളർത്തുവാൻ ശമ്പളം ലഭിച്ച അമ്മയാണ് യോഖ്യേബേദ്. പിന്നീട് ധൈര്യത്തോടും എല്ലാവരുടെയും അറിവോടും മകനെ വളർത്തി. രഹസ്യമായിട്ടുള്ള

ഉറച്ച നിലവിളി - ദൈവത്തോടുള്ള പ്രാർത്ഥന അതിന്റെ ഫലമാണ് ഈ മകനെ തിരികെ ലഭിച്ചത്. മുലകുടി മാറിയാൽ തന്റെ കുഞ്ഞ് മറ്റൊരു സ്ഥാനത്താണ് വളരേണ്ടതെന്ന് മനസ്സിലാക്കിയ അമ്മ തന്റെ ഹൃദയം മകന് പകർന്നു നൽകി. തങ്ങൾ ദൈവജനം എന്നും ഈ അടിമവീട്ടിൽ നിന്നും (ഈജിപ്റ്റിൽ) വിടുതൽ ഉണ്ടെന്നും മകനെ പഠിപ്പിച്ചു. പുറപ്പാട് പുസ്തകത്തിൽ അങ്ങനെ പറയുന്നി ല്ലെങ്കിലും 'വിശ്വാസത്താൽ മോശെ താൻ വളർന്നപ്പോൾ...' (എബ്രാ.11:24). അടി മത്വത്തിലായിരുന്ന ദൈവജനത്തെ രക്ഷിക്കുവാൻ മോശ തന്റെ കഴിവും സ്വാധീ നവും ഉപയോഗിക്കുന്നു. തന്റെ ഹൃദയത്തിലെ ആഗ്രഹം നല്ലതെങ്കിലും ദൈവ ത്തിന്റെ രക്ഷാപദ്ധതി വ്യത്യസ്തമായിരുന്നു. നാലാം തലമുറയെ അടിമവീ ട്ടിൽ നിന്നും വിടുവിക്കും. ഉൽപ്പ.15:13 ആ ദൈവീക പദ്ധതി മോശയിലൂടെ നട പ്പിലാക്കണമെങ്കിൽ ഈജിപ്റ്റിൽ നിന്നും ബിരുദമോ ബിരുദാനന്തരബിരുദമോ പോര, മറിച്ച് ദൈവത്തിന്റെ സ്കൂളിൽ പഠിക്കണം. മിദ്യാനിൽ 40 വർഷം.

പരാജയങ്ങൾ, ഭയം, ഉന്നതനിലവാരത്തിൽ നിന്നും താഴ്ന്ന നിലവാരത്തി ലേക്ക് ആടിനെ മേയ്ക്കുന്ന ജോലി, സ്വന്തമല്ലാത്ത അമ്മായിയപ്പന്റെ ആടുകൾ - കണക്കുപറയേണ്ട ജോലി ഇങ്ങനെയുള്ള സാഹചര്യങ്ങൾ ദൈവത്തിന്റെ കള രിയാണെന്ന് സ്വയം നാം മറന്നു പോകുന്നു. വിജയം മാത്രം മുന്നിൽക്കണ്ട് വിജയിപ്പിക്കാൻ വേണ്ടി പ്രയത്നിപ്പിക്കുന്ന മാതാപിതാക്കൾ ദൈവപ്രവർത്തിക്ക് ഇടർച്ചയാണ് മറക്കരുതേ! 40 വർഷത്തെ പഠനത്തിന് ശേഷം മോശെയെ ദൈവം വിളിച്ചു. ഒരു സ്നേഹിതൻ എന്ന പോലെ മുഖാമുഖം സംസാരിച്ചു. മോശെയെപ്പോലെ സൗമ്യനായ ഒരു നേതാവ് അതിനു മുമ്പും പിമ്പും ഉണ്ടായി ട്ടില്ല. ദൈവകരങ്ങളിൽ നിന്നും ന്യായപ്രമാണം ദൈവജനത്തിന് നൽകി മരുഭൂ മിയിലൂടെ ദൈവജനത്തെ നടത്തി. വാഗ്ദത്തനാട്ടിലേക്കുള്ള യാത്രയിൽ മരുഭൂ മിയിൽത്തന്നെ മരിച്ചു. ദൈവം മോശെയെ അടക്കിത്തീർന്നില്ല. മരുഭൂമിയിൽ മരിച്ചപ്പോൾ വലിയ നഷ്ടം സംഭവിച്ചു എന്നെല്ലാവരും കരുതി. തന്റെ ദൗത്യ നിർവ്വഹണം തീർന്നിട്ടില്ല. പുതിയ നിയമത്തിൽ മറുരൂപമലയിൽ ഏലിയാവും മോശെയും യേശുവിനോടൊപ്പം അവിടെ സംസാരവിഷയം യേശുവിന്റെ ക്രൂശു മരണവും അതിലൂടെയുള്ള രക്ഷണ്യപ്രവർത്തിയുടെ പൂർത്തീകരണവും. മോശെ യുടെ കാലത്ത് മോശ ചെയ്ത അത്ഭുതങ്ങൾ പറയാതെ യേശുക്രിസ്തുവിനെ ഉയർത്തിക്കാണിക്കുന്ന പഴയനിയമ ശുശ്രൂഷകർ.

പുതിയ നിയമത്തിൽ യേശുക്രിസ്തു ശ്രേഷ്ഠമഹാപുരോഹിതനായി തന്നിൽ വിശ്വസിക്കുന്നവർക്ക് വേണ്ടി പിതാവിന്റെ സന്നിധിയിൽ നിൽക്കുമ്പോൾ പഴയനിയമകാലത്ത് മനുഷ്യരുടെ ഇടയിൽ നിന്ന പുരോഹിതൻ ഊരീമും തുമ്മീമും ധരിച്ച് ദൈവജനത്തിനും രാജാക്കന്മാർക്കും രാജ്യങ്ങൾക്കും വേണ്ടി ഇടിവിൽ നിന്ന പുരോഹിതൻ. പ്രതികൂല സാഹചര്യങ്ങളിൽ (അടിമത്ത്വത്തിൽ) നിന്നുകൊണ്ട് 3 മക്കളെ വളർത്തി ദൈവത്തിനും മനുഷ്യർക്കും പ്രയോജനമുള വാക്കിത്തീർത്ത അമ്രാം-യോഖ്യേബേദ് ദമ്പതികൾ. അമ്രാമിനെക്കുറിച്ച് കൂടു തലായി ഒന്നും പറയുന്നില്ലെങ്കിലും നിശ്ശബ്ദനായി നിൽക്കുന്ന ഒരു ദൈവപുരു ഷനും, സ്നേഹമുള്ള, കരുതുന്ന, ഭാര്യയെ മാനിക്കുന്നവനുമായ ഒരു ഭർത്താവ്, യോഖ്യേബേദിന് കാര്യങ്ങൾ വിവേകത്തോടെ ചെയ്യാൻ ധൈര്യം പകർന്നത് മറ്റാരുമല്ല, അമ്രാം എന്ന ഭർത്താവ് തന്നെ.

**നാം മക്കളെ വളർത്തുന്നത് എങ്ങനെ?**

വ്യത്യസ്ത സ്വഭാവമുള്ള മക്കളെ മനസ്സിലാക്കി അവരുടെ വളർച്ചയ്ക്ക് ആവ ശ്യമായ പ്രോത്സാഹനം, ശിക്ഷണം, ശിക്ഷ ഇവ നൽകാൻ ആവശ്യമായ പക്വത ദൈവത്തോട് ചോദിച്ചു വാങ്ങണം. അയൽപക്കത്തെ കുട്ടിയെ കണ്ട് പഠിക്ക

രുത് എന്നോ, പഠിക്ക് എന്നോ പറയുന്നതിന് പകരം ദൈവവചനം അനുസരിക്കാൻ പഠിപ്പിക്കണം. ഒരു ദിവസം ഒരു പ്രാവശ്യമെങ്കിലും ഭക്ഷണമേശയിൽ ഒരുമിച്ചിരുന്ന് കഴിക്കുകയും മക്കളുടെ വിശേഷങ്ങൾ കേൾക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. കുടുംബപ്രാർത്ഥന രണ്ട് നേരവും ഉണ്ടാകണം. കിടക്കുന്നതിന് മുമ്പ് പ്രാർത്ഥിച്ച് കിടക്ക് എന്നുപറയുകയല്ല, ഒരുമിച്ചിരുന്ന് വചനം വായിച്ച് പ്രാർത്ഥിക്കാൻ സമയം വേർതിരിക്കണം. അമ്മയുടെയും അപ്പന്റെയും സംസാരശൈലിയും ആംഗ്യഭാഷയും മക്കൾ അറിയാതെ തന്നെ അവരുടെ ജീവിതത്തിൽ ഉണ്ടാകുന്ന ആരാധനയെക്കുറിച്ചുള്ള വിമർശനങ്ങൾ, മറ്റുള്ളവർ ധരിച്ച വസ്ത്രത്തിന്റെയും, ആഭരണത്തിന്റെയും വിശേഷങ്ങൾ കേൾക്കുന്ന മക്കൾക്ക് പിന്നീട് ആരാധന വെറും കുത്തുകാഴ്ചയായി മാറും. പള്ളിയിലൊരു സ്വഭാവവും ജോലിസ്ഥലത്ത് മറ്റൊരു സ്വഭാവവും കാണിച്ചാൽ മക്കളും അങ്ങനെ തന്നെ ആകും. **പ്രതിസന്ധികളിൽ മാതാപിതാക്കൾ സമചിത്തത പാലിക്കുകയും ദൈവത്തിലാശ്രയിക്കുകയും ചെയ്താൽ മക്കൾ അതവരുടെ ജീവിതത്തിൽ പാലിക്കും. മാതാപിതാക്കൾ പരസ്പരം മാനിക്കുകയും സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്യുന്നത് കണ്ട് മക്കൾ പഠിക്കണം.** തൊട്ടിൽപ്രായത്തിൽ നിന്ന് സ്വന്തം കാലിൽ ഉറച്ചുനിന്ന് പക്വതയുള്ള ഒരു കുടുംബജീവിതം പടുത്തുയർത്തുന്ന നിലവാരത്തിലേക്ക് നമ്മുടെ കുഞ്ഞുങ്ങൾ വളരട്ടെ. നാം അവർക്ക് ഒരു മാതൃകയാകാം.

---

*(പേജ് 12ന്റെ തുടർച്ച...)*

മേരി സ്വയം ഉപയോഗിച്ച ബൈബിൾ ഇന്ന് കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി ലൈബ്രറിയിൽ പ്രദർശിപ്പിച്ചിരിക്കുന്നു. മറ്റൊരു പ്രതി നാഷണൽ ലൈബ്രറി ഓഫ് വെയിത്സിൽ സൂക്ഷിക്കുന്നു. മൂന്നാമത്തേത് ഇതുവരെ കണ്ടെടുക്കാൻ കഴിഞ്ഞിട്ടില്ല. മേരിയുടെ കഷ്ടപ്പാടും വചനത്തോടുള്ള ആഗ്രഹവും മനസ്സിൽപ്പതിഞ്ഞ തോമസ് ചാൾസ് 1802-ൽ ലണ്ടനിൽവെച്ച് റിലിജ്യസ് ട്രാക്റ്റ് സൊസൈറ്റിയുടെ യോഗത്തിൽ ബൈബിൾ അച്ചടിച്ചു വിതരണം ചെയ്യുന്നതിന് മാത്രമായി ഒരു സൊസൈറ്റി എന്ന ആശയം അവതരിപ്പിച്ചു. സർവ്വാത്മനാ സ്വാഗതം ചെയ്യപ്പെട്ട ഈ ആശയം കഠിനപ്രയത്നത്തിന് ശേഷം 1804-ൽ ബ്രിട്ടീഷ് & ഫോറിൻ ബൈബിൾ സൊസൈറ്റി എന്ന പേരിൽ യാഥാർത്ഥ്യമായി. ലോകമെമ്പാടും നൂറുകണക്കിന് ഭാഷകളിൽ വേദപുസ്തകം വിവർത്തനം ചെയ്ത് അച്ചടിച്ച് വിതരണം ചെയ്യാനുള്ള വലിയ ഉദ്യമം അങ്ങനെ ആരംഭിച്ചു. അതിനു കാരണമായത് മേരി ജോൺസ് എന്ന ബാലികയും. ഒരു കുട്ടിയുടെ സ്വാധീനം അത്രയ്ക്കുണ്ടായത് ദൈവവചനത്തിന്റെ ശക്തിയാണ്.

ഇന്നു നാം കുട്ടികളെ 'മത്സരിപ്പിച്ച് ജയിപ്പിക്കുക' എന്ന ഒറ്റലക്ഷ്യത്തിൽ വളർത്തുമ്പോൾ മേരി ജോൺസിനെയും, ദൈവവചനം കൈക്കലാക്കാൻ കുഞ്ഞുനാൾ മുതൽ ധനം ശേഖരിച്ച് കിലോമീറ്ററുകൾ കാൽനടയായി നടന്നു ചെന്ന അവളുടെ നിശ്ചയദാർഢ്യത്തെയും ഓർക്കുന്നത് നന്നായിരിക്കും. നാലും അഞ്ചും ബൈബിളുകൾ വീട്ടിലുണ്ടായിട്ടും, തുറന്നുവായിക്കാനോ ക്രമമായി അഭ്യസിക്കാനോ, ഹൃദിസ്ഥമാക്കാനോ, സമയവും മനസ്സുമില്ലാത്ത പ്രിയപ്പെട്ടു കുട്ടികളേ, മറ്റേതിനേക്കാളും വിലയേറിയതായി കരുതി ദൈവവചനം സ്വന്തമാക്കിയാൽ മാത്രമേ നിങ്ങളുടെ ജീവിതം ധന്യമാവുകയുള്ളൂ. മേരി ജോൺസ് നാം ഓരോരുത്തരോടും സങ്കീർത്തനക്കാരന്റെ വാക്കുകളിലൂടെ പറയുന്നു: 'ഞാൻ നിന്റെ ന്യായപ്രമാണം കാക്കേണ്ടതിനും അതിനെ പൂർണ്ണഹൃദയത്തോടെ പ്രമാണിക്കേണ്ടതിനും എനിക്ക് ബുദ്ധി നൽകേണമേ' (സങ്കീ. 119:34).

# വായനയിലൂടെ സമ്പന്നരാകുക

ഡോ. ശാന്താ യേശുദാസ്
(ശാന്തിദൂത് ഹോസ്പിറ്റൽ, പാൽക്കുന്ന്)

വിവരസാങ്കേതിക വിദ്യ സംഭാവന ചെയ്ത ആധുനിക ഹൈടെക് യുഗത്തിൽ ജീവിക്കുന്നവരാണ് നാം. ഈ യുഗത്തിലും നമ്മുടെ അടുക്കലേയ്ക്ക് അറിവുകൾ വന്നെത്തുന്ന മുഖ്യമാർഗ്ഗങ്ങളിലൊന്നാണ് വായന. വായനയാണ് മനുഷ്യനെ പൂർണ്ണനാക്കുന്നത്. ശരീരത്തിന് ഭക്ഷണം പോലെ ബുദ്ധിയുടെ വികാസത്തിന് വായന അനിവാര്യമാണ്. ഏത് മഹാന്റെ ചരിത്രം വായിച്ചു നോക്കിയാലും അയാളുടെ ജീവിതത്തിൽ വായന വഹിച്ച പങ്കിനെക്കുറിച്ച് കാണാം. വിദ്യാർത്ഥികൾ പാഠപുസ്തകങ്ങളും നോട്ടുബുക്കും മാത്രം വായിച്ച് ടി.വി.യും കണ്ട്, കമ്പ്യൂട്ടർ കളിച്ചും മാത്രം വളർന്നുവന്നാൽ മിടുക്കരാവുകയില്ല, ധാരാളം വായിക്കണം. ശാസ്ത്രഗ്രന്ഥങ്ങൾ, കവിതകൾ, കഥകൾ, നോവലുകൾ, ജീവചരിത്രങ്ങൾ, ആത്മകഥകൾ, യാത്രാവിവരണങ്ങൾ, മതഗ്രന്ഥങ്ങൾ എന്നിവ വായിച്ച് വിജ്ഞാനസാഗരത്തിൽ നീന്തിത്തുടിക്കുന്നതിന് അവർ സമയം കണ്ടെത്തിയാൽ മാത്രമേ ജീവിതത്തിൽ തിളക്കമാർന്ന വ്യക്തിത്വങ്ങളുടെ ഉടമയായി ശോഭിക്കാൻ അവർക്ക് കഴിയുകയുള്ളൂ.

വായനയെപ്പറ്റി ചില മഹാന്മാരുടെ വാക്കുകൾ ശ്രദ്ധിക്കുക:

'എനിക്ക് ജീവിതത്തിൽ ആവശ്യമായ 3 കാര്യങ്ങൾ - പുസ്തകങ്ങൾ, പുസ്തകങ്ങൾ, പുസ്തകങ്ങൾ' - ടോൾസ്റ്റോയ്.

'ഞാനൊരു സാമ്രാജ്യാധിപൻ ആകാതിരുന്നുവെങ്കിൽ ഒരു ഗ്രന്ഥശാല സൂക്ഷിപ്പുകാരനാകുമായിരുന്നു.' - നെപ്പോളിയൻ.

'വായിക്കാത്ത തലമുറ നാടിന് ആപത്ത്.' - എലിസബത്ത് ഹാഡ്‌വിക്.

**പുസ്തകങ്ങൾ - നല്ല കൂട്ടുകാർ**

പുസ്തകങ്ങൾ അനേകം വിഭാഗങ്ങളിൽപ്പെടുന്നു. പുസ്തകങ്ങൾ നല്ല ഗുരുനാഥന്മാരാണ്, കൂട്ടുകാരാണ് എന്നു പറയുന്നതിനുള്ള കാരണങ്ങൾ:

1. പുസ്തകങ്ങൾ നമുക്ക് അറിവ് നൽകുന്നു. നമ്മുടെ ഭാവന വികസിപ്പിക്കുന്നു, മൂല്യങ്ങൾ വളർത്തുന്നു.
2. നാം അന്വേഷിച്ച് ചെന്നാൽ അവ ഒളിച്ചിരിക്കാറില്ല. ഏത് പാതിരായ്ക്ക് അവയുടെ അടുത്തെത്തിയാലും അവ ഉറക്കത്തിലായിരിക്കാറില്ല.
3. പുസ്തകങ്ങൾ ചൂരൽ വടി കൂടാതെ നമ്മെ പഠിപ്പിക്കും, നമ്മുടെ അറിവില്ലായ്മയെ അവ പരിഹസിക്കാറില്ല; വായിക്കുമ്പോൾ തെറ്റുപറ്റിയാൽ അവ ശകാരിക്കാറുമില്ല.
4. പുസ്തകങ്ങളെ സുഹൃത്തുക്കളാക്കുന്നവർക്ക് ഒരിക്കലും നിരാശ ഉണ്ടാകാറില്ല.

5. മൂന്ന് ദിവസം വായിക്കാതിരുന്നാൽ സംസാരത്തിന്റെ രുചി കുറയുമെന്നത് ഒരു ചൈനീസ് പഴഞ്ചൊല്ലാണ്.

6. ഒരു നേതാവിന്റെ ശക്തികളിൽ ഒന്ന് ഫലപ്രദമായ വായനയാണ്.

**ദൃശ്യമാധ്യമങ്ങളുടെ അതിപ്രസരം വായന കുറയ്ക്കുന്നു**

ഇന്നത്തെ കുട്ടികളോട് 'നിങ്ങൾക്ക് പുസ്തകവായന, ടി.വി.കാണൽ, കമ്പ്യൂട്ടർ ഗെയിം എന്നിവയിൽ ഏതിനോടാണ് കൂടുതൽ താൽപ്പര്യമെന്ന് ചോദിച്ചാൽ അധികം പേരും പറയുന്നത് കമ്പ്യൂട്ടർ ഗെയിം, പിന്നെ ടി.വി, ഒടുവിലത്തെ സ്ഥാനം പുസ്തകങ്ങൾക്കും. കമ്പ്യൂട്ടർ ഗെയിം ടി.വി.യിലെ കാർട്ടൂൺ ചാനലുകൾ എന്നിവ മോശമല്ല. പക്ഷെ മണിക്കൂറുകളോളം ഇവയുടെ മുന്നിൽ ചെലവഴിച്ചാൽ സമയം നഷ്ടപ്പെടും, കണ്ണുകളുടെ ആരോഗ്യം തകരാറിലായിത്തീരും, ചെറുപ്പം മുതൽ കണ്ണട ധരിക്കേണ്ടി വരും. വിജ്ഞാനപ്രദമായ ചാനലുകളായ ബി.ബി.സി, ആനിമൽ പ്ലാനറ്റ്, ഡിസ്കവറി ചാനൽ, വിക്ടേഴ്സ് എന്നിവ പത്തോ പതിനഞ്ചോ മിനിറ്റ് നേരം കാണുന്നതിലൂടെ രണ്ടോ മൂന്നോ മണിക്കൂർ നേരം പുസ്തകങ്ങൾ വായിക്കുമ്പോൾ ലഭിക്കുന്ന അറിവ് കിട്ടാറുണ്ട്.

**വായനയുടെ ലക്ഷ്യങ്ങൾ**

വായനയെപ്പറ്റി മഹാനായ ഫ്രാൻസിസ് ബേക്കൺ പറഞ്ഞ വാക്കുകൾ ഇപ്രകാരം – 'ചില പുസ്തകങ്ങളെ രുചിച്ച് നോക്കിയാൽ മതി, മറ്റു ചില പുസ്തകങ്ങളെ വെട്ടി വിഴുങ്ങണം, ചുരുക്കം ചിലത് സാവധാനം ചവച്ചരച്ച് തിന്നണം' – അതായത് വായന പ്രയോജനപ്രദമാകണമെങ്കിൽ പുസ്തകങ്ങളെ നന്നായി മനസ്സിരുത്തി വായിക്കണം.

**വിജ്ഞാനസമ്പാദനം, വിനോദം എന്നീ രണ്ട് ലക്ഷ്യങ്ങളാണ് വായനയ്ക്കുള്ളത്.** വിമാനത്തിൽക്കയറി ലോകം ചുറ്റിക്കാണുന്നതുപോലെ വായന നമ്മെ വിശാലമായ ലോകത്തിലേക്ക് നയിക്കുന്നു. സഞ്ചാരകഥകളും മഹാന്മാരുടെ ജീവചരിത്രങ്ങളും വായിക്കുന്നതിൽ കൗതുകം കണ്ടെത്തിയിരുന്ന ഒരു യുവാവിന്റെ വാക്കുകൾ ഇപ്രകാരം: 'ഒന്നാം ലോകമഹായുദ്ധത്തിന് മുമ്പുള്ള ജർമ്മനിയിലും 19-ാം നൂറ്റാണ്ടിലെ ഇംഗ്ലണ്ടിലും ചരിത്രമുറങ്ങുന്ന പെറുവിലും ഒരു സങ്കൽപ്പവിമാനത്തിലേറി ഞാൻ യാത്ര ചെയ്തു'. മഹാന്മാരുടെ ജീവിതകഥകൾ വായിച്ചാൽ നാം എത്ര ചെറിയ മനുഷ്യരാണെന്ന് മനസ്സിലാവും.

**മനുഷ്യർ മരിക്കുന്നു, പുസ്തകങ്ങൾക്ക് മരണമില്ല**

ഷേക്സ്പിയർ, ടോൾസ്റ്റോയ്, വാല്മീകി, വ്യാസൻ, ടാഗോർ ആദിയായ മഹാന്മാരെ നാം കണ്ടിട്ടില്ല. അവരുടെ ശബ്ദം നാം കേട്ടിട്ടുമില്ല. പക്ഷെ ഇന്നും നാം അവരെ അവരുടെ പുസ്തകങ്ങളിലൂടെ അറിയുന്നു. ഇന്ത്യൻ തത്വജ്ഞാനത്തെ പടിഞ്ഞാറൻ നാടുകളിലെത്തിച്ച ഡോ. രാധാകൃഷ്ണനെപ്പറ്റിയും, അനേകം നൂതന കണ്ടുപിടുത്തങ്ങൾ നടത്തിയ എഡിസനെപ്പറ്റിയും, അനേകം പ്രതിസന്ധികൾ അവഗണിച്ച ഹെലൻ കെല്ലറെപ്പറ്റിയും നാം അറിയുന്നത് പുസ്തകങ്ങളിലൂടെയാണ്. ഇവരെല്ലാം കാലയവനികയ്ക്കുള്ളിൽ മറഞ്ഞു കഴിഞ്ഞു.

**കുട്ടികളുടെ വായനാശീലം പ്രോത്സാഹിപ്പിക്കുക**

'വായിച്ചാൽ വളരും, വായിച്ചില്ലെങ്കിലും വളരും. വായിച്ചു വളർന്നാൽ

വിളയും, വായിക്കാതെ വളർന്നാൽ വളയും.' ഈ വരികൾ നമുക്ക് സുപരിചിതമാണ്. നിങ്ങളുടെ വീട്ടിൽ എത്ര പുസ്തകങ്ങൾ ഉണ്ട്? എന്ന് ചോദിച്ചാൽ വ്യക്തമായ ഉത്തരം പറയുക നമുക്ക് അത്ര എളുപ്പമല്ല. അലങ്കാര വസ്തുക്കൾ, വസ്ത്രങ്ങൾ, ആഭരണങ്ങൾ എന്നിവ വാങ്ങുന്നതിന് നാം ധാരാളം പണം ചെലവാക്കാറുണ്ട്, പുസ്തകങ്ങൾ വാങ്ങാനോ?

**കുട്ടികളുടെ വായനാശീലം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ചില പ്രായോഗിക നിർദ്ദേശങ്ങൾ:**

1. വീട്ടിനടുത്തുള്ളതും സാമാന്യം നല്ല രീതിയിൽ പ്രവർത്തിക്കുന്നതുമായ ലൈബ്രറിയിൽ കുട്ടികളെ അംഗങ്ങളാക്കുക. മാസത്തിലൊരിക്കലെങ്കിലും മാതാപിതാക്കൾ കുട്ടികളുമായി ലൈബ്രറിയിലെത്തി പുസ്തകങ്ങൾ എടുക്കുക.

2. കുട്ടികൾ വീട്ടിലെത്തി ഈ പുസ്തകങ്ങൾ വായിക്കുമ്പോൾ മാതാപിതാക്കൾ ടി.വി. കണ്ട് രസിച്ചിരിക്കാതെ വായനയിൽ മുഴുകിയാൽ കുട്ടികൾക്ക് ഈ പ്രവണത കൂടുതൽ പ്രചോദനമേകും.

3. ഓരോ ദിവസവും വായിക്കുന്നതിന് കുറച്ച് സമയം (15 മിനിറ്റെങ്കിലും) മാറ്റിവെയ്ക്കുക. വായിക്കുന്ന പുസ്തകങ്ങളെപ്പറ്റി ഒരു കുറിപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നതിന് കുട്ടികൾക്ക് ഒരു ബുക്കോ ഡയറിയോ നൽകുക. കുട്ടികൾ വായിക്കുന്ന ഓരോ പുസ്തകത്തിന്റെയും പേര്, ഗ്രന്ഥകർത്താവിന്റെ പേര്, പുസ്തകം വായിച്ച ദിവസം, പുസ്തകം ഏത് സാഹിത്യശാഖയിൽപ്പെടുന്നു, പുസ്തകത്തിലെ പ്രമേയം, കഥാപാത്രങ്ങൾ, ഈ പുസ്തകത്തിന്റെ ഏത് ആശയമാണ് കുട്ടിക്ക് ഇഷ്ടം എന്നിവയെല്ലാം എഴുതി സൂക്ഷിക്കുക.

4. കുട്ടികൾക്ക് ജന്മനാൾ സമ്മാനങ്ങൾ നൽകുമ്പോൾ കേക്ക്, മിഠായി എന്നിവ ഒഴിവാക്കിയിട്ട് ബാലസാഹിത്യ കൃതികൾ പോലുള്ള പുസ്തകങ്ങൾ നൽകുക.

5. പത്രവായനയിലൂടെ നമ്മുടെ ചുറ്റുപാടും നടക്കുന്ന ആനുകാലിക സംഭവങ്ങൾ നാം അറിയുന്നതിനാൽ ദിവസേന പത്രവായനയ്ക്ക് കുറച്ച്സമയം മാറ്റിവെയക്കുക. പത്രത്തിലെ വ്യത്യസ്ത ഉള്ളടക്കങ്ങളായ മുഖപ്രസംഗം, ഫീച്ചറുകൾ, ചിത്രങ്ങൾ, കാർട്ടൂണുകൾ, പ്രാദേശിക വാർത്തകൾ, കായിക വാർത്തകൾ, വിദ്യാഭ്യാസ വാർത്തകൾ, പഠിപ്പുര പോലുള്ള പംക്തികൾ എന്നിവ ശ്രദ്ധയോടെ വായിച്ച് അവയുടെ ഭാഷാശൈലിയും ശീർഷകങ്ങൾക്ക് നൽകിയിട്ടുള്ള പ്രാധാന്യവും ഘടനയും മനസ്സിലാക്കുക.

ചുരുക്കിപ്പറഞ്ഞാൽ പുസ്തകങ്ങൾ സുഹൃത്തുക്കളാണ്. ഗുരുനാഥന്മാരാണ്. അവ വായിക്കുന്നതിലൂടെ ലഭിക്കുന്ന വിജ്ഞാനവും വിശാലമനസ്സും, വിശാലമായ കാഴ്ചപ്പാടും നമ്മെ ഉത്തമവ്യക്തിത്വത്തിന്റെ ഉടമകളാക്കി തീർക്കുന്നു. അതിനാൽ വായിക്കുക, വായിച്ച് വളരുക.

# Life style diseases of the computer age!

**V. Justin**

1 People invite cancer, bladder stone,
Tumour, diseases of heart, kidney, liver
Without any hesitation and care at all,
By invariably feeding their children
With all kinds of junk food and drinks
Not knowing their bad effects on health!

2 What is kurkure, cheetos, crazy, pomsy,
Bingo tangles, galatamasti, rasna, etc?
What attraction is in those crazy things!
Do they give any real useful energy,
Or vitamins to enhance people's health?
Why children are attracted to them?

3 What do those artificial things contain?
Flour, masala, colour, flavour, salt, sugar,
Baking soda, other things mixed and fried
In cheap oil or could be in fat, or baked!
Adding artificial black colour in biscuits,
Cakes and cookies, is harmful for health!

4 Deceitful and attractive advertisements
Attract children easily towards them!
They eat and drink even drugs thinking
Those things are very great and wonderful!
Those things lead to deadly diseases,
And finally succumb to premature death!

5 Why children are attracted to such things?
May be they contain addiction drugs also
To make the children like them much,
So that their business flourishes greatly!
Making big money by hook or crook
Is the life style of the present generation!

6 Children of ten, twelve years and younger,
Youth and young persons of twenty years
Suffer from cancer, AIDS and other diseases!
Let us choose a new, good life style for us
As advised by Creator God in the Holy Bible
To have a better, healthy and peaceful life!

7 Do you throw out your body wastes
Through sweat, urine, etc. quite normally?
When you experience any problem in that,
Be wise to change eating, drinking habits!
Why not drink very dilute fresh lemon juice
Five glasses a day without salt or sugar!

8 It is not a medicine to cure diseases,
But will clean your body and help you
To prevent some diseases troubling you!
It is better than drinking bottled water!
For treating diseases, go to the proper doctor
Who is also a good, service minded person!

9 Many doctors today are extremely greedy
Because they spend millions of rupees
To get admission and to become doctors!
Shouldn't they get back the money spent,
And its interest from the poor patients
Who are forced to seek medical treatment!

10 Follow the Creator God's good advice
To lead a healthy, happy and useful life
Prayerfully as long as you live in this world
Using common sense and the intelligence
God has provided you to lead a healthy life!
Remember that prevention is better than cure!

---oo0oo---

Poem

# The Day of Pentecost

**Juliet Josephus**

The Day of Pentecost, the Feast of Weeks,
Falls fifty days from Jewish Passover;
Celebrated now by Christian Church
As the day when the Holy Spirit was gifted.

The Lord Jesus, before His departure,
Instructed His Disciples to await
The empowerment for serving Him:
The gift of the Holy Spirit,the pow'r of God.

So they had gathered in the Upper Room,
Waiting for such a time when pow'r descends,
To witness both in Jerusalem
And in all Judea and in Samaria.

Ev'n to the remotest part of the earth,
The Gospel of Salvation must be spread,
The Good News that could save human life
From sin and its sure consequence-eternal death.

They gathered there continually praying,
Over hundred and twenty gathered there,
Awaiting fulfilment of promise,
The promised in-filling of the Holy Spirit.

They waited not in vain. Lo and behold!
Noise akin to violent ,rushing wind
Filled all the house where they were seated,
In which was seen tongues of fire, scattering o'er.

Cloven tongues of fire soon settled there,
Over one and all, gathered in that place;
Suddenly was heard utterances
Such as the Holy Spirit gave to each one there.

Utterances in other tongues, yet known;
Bewildered Jews from Jerusalem heard,
Each one heard them speak in his own tongue,
Speak of the mighty deeds of God ,
in their language.

Some in confusion and amazement spoke:
'Why,are not these who speak,Galileans?'
Both Jews and proselytes from nations,
Awestruck and perplexed, they wondered
what it all meant.

Others mocked, 'Nay,but they are full of new wine.'
But Peter boldly declared to them all
About the words prophesied by Joel:
'God's Spirit shall be poured forth upon all mankind.'

Jesus,being raised up, sat on the throne,
Exalted sits by the Right Hand of God,
Received of the Father the Promise
Of the Holy Ghost-the power of the Living God.

Thus, having been filled with the Holy Ghost,
They preached repentance, forgiveness of sins,
Baptizing those who received the Lord,
Adding daily to the number,those being saved.

So this has continued ev'n to this day
When, intermittently, Spirit-filled men ,
Worked non-stop for the spread of Gospel
Through length and breadth,the uttermost
part of the earth.

Then turn to the Lord, in repentance, turn ,
Ask Him to come and live within your heart;
He'll send His Spirit,the Paraclete,
To empower you; tell of salvation to all.

'Go ye to all the world, preach the Gospel,
Him that believe baptize , and shall be saved.'
This is the Great Commission for all;
Signs and wonders shall follow them that do believe.

You cannot do the job just on your own,
You need the pow'r of the Holy Spirit
As all those folks did in the Upper Room:
The in-filling and the in-gathering are on!

Prepare and wait, for you know not the date
Christ comes for His Church-His Bride,
Unsullied and spotless shall she be,
So purify yourselves,disengage from the world.

Focus on Jesus,await His Coming,
The signs of the time show the hour is close,
Obey the Lord,dwell under His Wings
Or, inadvertently,you may get left behind!

# Bible Quiz

Ajith Sen

The aim of this Bible Quiz is to promote reading of the Bible. This month's questions are selected from Genesis (NIV) chapters 21 to 30. Moses wrote this book centuries after all the characters in the book were dead, this reveals to us the immense kindness God has towards us, by giving us opportunity to learn from their mistakes and imitate their righteous deeds. So kindly read through chapters 21 to 30 before attempting this quiz.

Each answer has to be accompanied with the relevant verse (reference). Last month some entries did not have the reference even though the answers were right, kindly do not repeat it. The answers can be written either in English or Malayalam and have to be submitted before 14th of every month either at the MM Church Office or can be emailed to churchvoice@gmail.com

1. Who died at Kiriath Arba?
2. Esau is also known as Edom. Why?
3. Who was the commander of Abimelech's forces?
4. How many years did Jacob work for Laban altogether, in return for getting Rachel as his wife?
5. "Come, you who are blessed by the Lord." Who said this?
6. What was the old name of Bethel?
7. Who asked "where is the lamb for the burnt offering"?
8. In which town is the well named ‘Shibah’ located?
9. Who is the mother of Dinah?
10. How many times did Jacob deceive Esau?

**Correct answers to the quiz on Genesis 11 to 20**

1. Abimelech 20:16
2. Sarah 17:15
3. Abram 15:13
4. Haran 11:29 (The question actually was "Who was the father of Iscah?". But because of the typo all those who have answered as Abraham are also given marks)
5. The Valley of Siddim 14:10
6. Egyptians 12:14
7. The whole plain of the Jordan 13:10
8. Lot's wife 19:26
9. Hagar 16:13
10. Sarah 18:10-12 & Abraham 17:17

List of people who had submitted the right answers along with the reference

1. Ajay Solomon
2. Suvarna Jane
3. Annie Liz Manuel
4. Sonia Joy J.
5. Vathsala Lal
6. Binil Winfred
7. Preetha John
8. Amitha Solomon
9. Susheela Jamestone
10. Dr. S. L. Ratnalal
11. Shireen Evangeline Ross
12. E. H. Helen Saramma
13. Lilora P. R.
14. Lalitha Grace Jayakumar
15. Premila Janelet Sylam
16. Jolly Irene G.
17. Christina V Daniel
18. T. Dharmaraj
19. V. Grace Ammal

# Circle Prayer - July 2014

| Date | FNo | Name | Ward | Address |
|---|---|---|---|---|
| 01-07-2014 | 975 | Mr.Ronald Chandrakumar A | Muttada | Princely,SNRA 26,Santhosh Nagar,Muttada |
| 01-07-2014 | 2010 | Mr.Manoj Michael | LMS | Jireh,NRA-95,TC 17,750-l,Observatory Lane |
| 01-07-2014 | 2007 | Mr.Rojilal M L | Ambalamukku | Thejus,SRA 16A,KP VI/584(l),Kizhakemukkola |
| 04-07-2014 | 1726 | ProfJacob 1 S | Charachira | TC ll/1501-l,CRA G33, Charachira |
| 04-07-2014 | 1309 | Mr.Sam ManoharS | Nanthencode | Shekinah.TC 11/926, NNRA 70,Nalanda |
| 04-07-2014 | 2077 | Mr.Mohanaraj S | Kowdiar | Anugraha,TC 9/143-1,Jawahar Nagar,Kovvdiar |
| 08-07-2014 | 2067 | Dr.Shiju Stanley | Pattom | LVMRA 45.TC 12/734,Varambaserry Jn |
| 08-07-2014 | 846 | Mr.Viswanathan R | Edapazhanji | Plot NO-46.TC 6/612,PTP Nagar |
| 08-07-2014 | 1121 | Er.BabyL | Kowdiar | Bethel.TC 11/160-1, HsNo-A131,Kanaka Nagar |
| 11-07-2014 | 2045 | Mrs.Lalitha Bai R | Statue | Kuzhivila Appartments, Opp Samad Hospital |
| 11-07-2014 | 1727 | Mr.Freddy B | Thycaud | Glory, TC 16/1605, JWRA 45D,Jagathy |
| 11-07-2014 | 111 | Mr.Sam B Rose | Vazhuthacaud | 312/A,Gandhi Nagar,Vazhuthacaud |
| 15-07-2014 | 1356 | Er.Pradip J Stewart | Muttada | TC 11/1456,PRA 181,Temple Road, Parottukonam |
| 15-07-2014 | 2028 | Mrs.Mary Alphonsa Xavior | LMS | Vijay.TC 14/1282(2),OVRA C80,Lenin Nagar Road |
| 15-07-2014 | 1698 | Mr.Mohan Kumar Hudson | Nanthencode | TC 11/159O-l,YMRJn.,Nanthencode |
| 18-07-2014 | 1388 | Mr.Sanil Kumar G | Ambalamukku | Thejas.KRA D 52A,Mathravila, Kuravankonam |
| 18-07-2014 | 1099 | Dr.Oliver James | Charachira | TC 11/851,MRA86, Manchadivila |
| 18-07-2014 | 1062 | Mr.Kripal Das S | Kowdiar | Nallathankal Nivas, lA, Tennis Club Endave,Behind TTC |
| 22-07-2014 | 679 | Mrs.Nirmala Balsalam | Pattom | Betlwil TC 12/502JRA 74, Thekkummoodu |
| 22-07-2014 | 928 | ErJeyan Sam G | Edapazhanji | B-5A,Heera Swiss Town Flats,Sasthamangalam |
| 22-07-2014 | 220 | Mrs.Mercy Rose | Ulloor | Pallavi.Hs No-Rll,Jai Nagar,Medical College |
| 25-07-2014 | 1122 | Mr.George Kutty Thomas | Statue | Lilly Lynne, TC 26/2150,Statue Road |
| 25-07-2014 | 1100 | Capt.Jacob George Joseph | Thycaud | TC 25/807,Ramkrishna Reddiar Rd.Jhampanoor |
| 25-07-2014 | 604 | Mr.Johnson M | Vazhuthacaud | MRA-95A,Chengaloor,Poojappura |
| 29-07-2014 | 815 | Mr.Davidson A | Muttada | Jiju Nivas,PRA 17,Paruthippara,Muttada |
| 29-07-2014 | 1005 | Mrs.Christilda Rose Cecil | LMS | NRA92A.TC 14/745,Observatory Lane,Nandavanam |
| 29-07-2014 | 762 | Mr.Sundaram R | Nanthencode | Thillery Compound,NNRA 98,Nalanda |



എഡിറ്റോറിയൽ

# സേവനത്തിന്റെ മഹത്വം



സി.എസ്.ഐ മധ്യകേരള മഹായിടവകയുടെ പ്രഥമ നാട്ടുബിഷപ്പ് അഭിവന്ദ്യ ജേക്കബ് തിരുമേനിയാണ്. ഒരിക്കൽ അദ്ദേഹം ഇംഗ്ലണ്ട് സന്ദർശിച്ചപ്പോൾ ട്രെയിനിൽ യാത്ര ചെയ്യാൻ ഇടയായി. ഒരു റെയിൽവേ സ്റ്റേഷനിൽ ഇറങ്ങിയപ്പോൾ, പ്രായമുള്ള ഒരു മദാമ്മ ഒരു വലിയ പെട്ടി കാറിൽ കയറ്റുവാൻ സഹായത്തിന് ഒരാളെ കിട്ടാതെ വിഷമിക്കുന്നതായി കണ്ടു. വിഷമിച്ചു നിന്ന അവരുടെ അടുത്ത് ചെന്ന് ഹൃദ്യമായ രീതിയിൽ സഹായിക്കാൻ തിരുമേനി തയ്യാറായി. ആ പെട്ടി ചുമന്ന് മദാമ്മയുടെ കാറിന്റെ ഡിക്കിയിൽ വച്ചു കൊടുത്തു.

തനിക്ക് ലഭിച്ച സേവനത്തിന് പ്രതിഫലം കൊടുക്കാൻ മദാമ്മ ശ്രമിച്ചപ്പോൾ പ്രതിഫലത്തിനല്ല ചെയ്തതെന്ന് തിരുമേനി പറഞ്ഞു. നന്ദി പറഞ്ഞ മദാമ്മ ഈ നല്ല മനുഷ്യന്റെ മേൽവിലാസം ചോദിച്ചു. ബിഷപ്പ് ജേക്കബ്, ബിഷപ്പ് ഹൗസ്, കോട്ടയം, കേരള, സൗത്ത് ഇന്ത്യ എന്ന് പറഞ്ഞു പിരിഞ്ഞു. തിരുമേനി അപ്പോൾ തന്റെ ഔദ്യോഗിക വേഷത്തിലല്ലായിരുന്നു. ഒരു ബിഷപ്പാണ് തന്റെ പെട്ടി ചുമന്ന് തന്നെ സഹായിച്ചത് എന്നത് അവരെ അതിശയിപ്പിച്ചു.

പിന്നീട് അവർ ബിഷപ്പിന്റെ മേൽവിലാസത്തിൽ നൂറ് പവന്റെ ഒരു ചെക്ക് അയച്ചുകൊടുത്തു. ആ പണം കൊണ്ട് തിരുമേനി പള്ളത്ത് ഒരു പള്ളി പണി കഴിപ്പിച്ചു. അതിന്റെ പ്രതിഷ്ഠയുടെ സമയത്ത് ആ പള്ളിക്ക് എന്തുപേരിടണമെന്ന് മദാമ്മയോട് എഴുതി ചോദിച്ചു. മദാമ്മ തന്റെ ഇടവകപ്പള്ളിയുടെ പേരിടാൻ നിർദ്ദേശിച്ചു. അങ്ങനെയാണ് പള്ളത്തിനടുത്ത് എം.സി. റോഡ് സൈഡിൽ **സെയിന്റ് ആൽബൻസ്** എന്ന ദേവാലയം ഉണ്ടായത്. എത്ര മഹത്തായ മാതൃക. കുടുംബശ്രേഷ്ഠതയോ, സ്ഥാനമാനങ്ങളോ മറ്റുള്ളവർക്ക് സേവനം ചെയ്യുന്നതിന് തടസ്സമായി നിൽക്കാൻ ഇടയാകരുത്. True greatness is not attained by giving orders, but by serving.

സ്നേഹത്തിന്റെ പ്രകടനമാണ് സേവനം. സ്നേഹത്തിന്റെ കാണാവുന്ന രൂപമാണ് സേവനം. നന്മ ആഗ്രഹിക്കുന്നതാണ് സ്നേഹം. നന്മ പ്രവർത്തിക്കുന്നത് സേവനവും. സേവനം മനുഷ്യനെ മാത്രമല്ല, ദൈവത്തെയും മഹത്വപ്പെടുത്തുന്നു. സന്മനസ്സോടെ ചെയ്യുന്ന സേവനം ദൈവാരാധനയാണ്. യേശു പറഞ്ഞു: 'ഈ ചെറിയവരിൽ ഒരുവന് നിങ്ങൾ ചെയ്തപ്പോഴെല്ലാം എനിക്ക് തന്നെയാണ് നിങ്ങൾ ചെയ്തത് (മത്താ.25:40).

സേവനം നമ്മെ വലിയവരാക്കും. **ലോകചരിത്രം മഹാന്മാരായ മനുഷ്യരുടെ സേവനത്തിന്റെ ചരിത്രമാണ്. നിസ്വാർത്ഥ സേവനത്തിന് സന്നദ്ധത പ്രകടിപ്പിച്ച ധീരരായ ഒരുപിടി മനുഷ്യരാണ് നാം ജീവിക്കുന്ന ഈ ലോകം സുന്ദരമാക്കിയത്.** മഹാന്മാരായ മനുഷ്യസ്നേഹികളുടെ സേവനസന്നദ്ധതയാണ് ലോകത്തിന് നവോന്മേഷം പകരുന്നത്. ബ്രിട്ടീഷ് ചക്രവർത്തിയായിരുന്ന ജോർജ്ജ് അഞ്ചാമന്റെ മേശപ്പുറത്ത് അവിടെ വരുന്നവരുടെ ശ്രദ്ധ

പതിയത്തക്കവണ്ണം ഇപ്രകാരം എഴുതിവെച്ചിരുന്നതായി പറയപ്പെടുന്നു: ‘ഈ ലോകത്തിൽക്കൂടി നാം ഒരിക്കലേ പോകുകയുള്ളൂ. ആ യാത്രയിൽ മറ്റുള്ളവരെ സഹായിക്കുവാനും സന്തോഷിപ്പിക്കുവാനും ലഭിക്കുന്ന അവസരങ്ങൾ ഒന്നും പാഴാക്കരുത്.’ എല്ലാവരുടെയും ജീവിതത്തിൽ ശ്രദ്ധിക്കേണ്ട ഒരു തത്വമാണിത്.

നമ്മുടെ ജീവിതം അന്തിമമായി വിലയിരുത്തപ്പെടുന്നത് നമ്മിലെ സേവനമൂല്യത്തെ ആധാരമാക്കിയാണ്. നമ്മുടെ സേവനം ആവശ്യമുള്ള ഒട്ടനവധി മേഖലകൾ നമുക്ക് ചുറ്റുമുണ്ട്. അവ കണ്ടെത്തി നമുക്ക് നമ്മളാലാവത് ചെയ്യാം. നമ്മുടെ ജീവിതം ധന്യമാക്കാം. We are at our best when we serve others.

**ആർ. സാജൻ സാംസൺ**
email: sajansamson@hotmail.com
എഡിറ്റർ

## EVENTS upto 16-06-2014

### Crossed Jordan to be with the Lord

| Sl.No | Family No | Member |
|---|---|---|
| 1 | 234 | **Prof.Fancy John**<br>TC 14/1509,Paris Road,<br>Near Valsala Nursing Home,<br>Nanthavanam,TVM 14<br>Died on:- 27-05-2014 |
| 2 | 1453 | **Prof.Hilkiah Raj E H**<br>Jose Bhavan,TC 2/954,PRA 41,<br>Puthupally Lane,<br>Medical.College,TVM 11<br>Died on:- 15-06-2014 |





### Baptism

| Sl No | Family No | Name | Date of Baptism |
|---|---|---|---|
| 1 | 1806 | Ms.Sophie Ann Enock | 25-05-2014 |
| 2 | 1978 | Ms.Jiya | 01-06-2014 |

### We welcome these new families joined by TC

| Sl No | Family No | Name | Date of Join |
|---|---|---|---|
| 1 | 2086 | Er. Salins Kumar A, Mrs.Jissamol & Mr.Kevin Salins | 18-05-2014 |
| 2 | 2090 | Mr.Thangaraj C, Mrs.Jayaleela J, Ms.Jisha T & Ms.Jinosha T | 15-06-2014 |

### We welcome these new families joined by Marriage

| Sl No | Family No | Name | Date of Marriage |
|---|---|---|---|
| 1 | 2087 | Er.Mathew Samuel Selvin, Mrs.Shilu Leslie | 19-05-2014 |
| 2 | 2088 | Er.Alex Mohan, Mrs.Tina Sam | 19-05-2014 |
| 3 | 2089 | Mr.Jogesh David Ross, Mrs.Kamalavalli | 21-05-2014 |

one, But Not Forgotten

**4th Death Anniversary**



# Dr. G. ARULDHAS

Former Dean, Faculty of Science
Professor & Head, Dept. of Physics
University of Kerala

**Called to Eternal Glory**
**on 16-7-2010**

A-76, Sharon,
Kanaka Nagar,
Trivandrum 3

***By sorrowing Family***

Wife : Mrs. Myrtle Grace
Children : Dr. Vinod & Dr. Anitha
Dr. Manoj & Dr. Bini
Dr. Ann & Dr. Suresh
Grandchildren : Nithin, Cerene, Tina
Zaneta, Juana, Joshua
Tesiya, Lidya, Ezekkiel

**CSI MM CHURCH**
**CHRISTIAN ENDEAVOUR YOUTH FELLOWSHIP**
**with**
**TRIVANDRUM DISTRICT CEYF**

## YOUTH CONVENTION - 2014'



Message by : **Bro. Anu Jacob** (LOCO Ministries)
Date : **August 1st - 3rd** Time : 6:00 PM
Venue : **Daya Cross Platform** (MM Church Campus)
Songs : **Trivandrum District Youth Choir**

*All are invited*

President

Youth Secretary

